# കേരള നിയമസഭ
# 14.06.2012-ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം
2012 ജൂൺ 14, വ്യാഴം
നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ- 300)

| മറുപടി നൽകുന്ന മന്ത്രിമാർ | ചോദ്യനമ്പർ |
|---|---|
| വിദ്യാഭ്യാസ വകുപ്പുമന്ത്രി | 924 മുതൽ 1020 വരെ |
| റവന്യൂവും കയറും വകുപ്പുമന്ത്രി | 1021 മുതൽ 1091 വരെ |
| ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി | 1092 മുതൽ 1133 വരെ |
| പൊതുമരാമത്ത് വകുപ്പുമന്ത്രി | 1134 മുതൽ 1223 വരെ |

## "സ്നേഹസ്പർശം" പദ്ധതി

924 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ രംഗത്ത് ഈ ഗവൺമെന്റിന്റെ കാലത്ത് ഉണ്ടായ നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ബി) രക്ഷിതാക്കളും കുട്ടികളും അദ്ധ്യാപകരുമായി വിദ്യാഭ്യാസവകുപ്പ് നേരിട്ട് ബന്ധപ്പെടുന്ന "സ്നേഹസ്പർശം" പദ്ധതി എത്രത്തോളം വിജയമായിട്ടുണ്ട് ;

(സി) പൊതുവിദ്യാഭ്യാസ രംഗത്ത് പുതുതായി നടപ്പിലാക്കുവാനുദ്ദേശിക്കുന്ന പരിഷ്ക്കാരങ്ങളെന്തെല്ലാമെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 14.06.2012-ലെ മറുപടിക്ക്

<u>''സ്നേഹസ്പർശനം പദ്ധതി''</u>

925 ശ്രീ. എം. എ. വാഹിദ്
,, ഡൊമിനിക് പ്രസന്റേഷൻ
,, വി. റ്റി. ബൽറാം
,, കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ''സ്നേഹസ്പർശം പദ്ധതി'' യുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണ്; പദ്ധതിയുടെ പ്രവർത്തന രീതി വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിൽ ജനകീയ പങ്കാളിത്തവും പൊതുജനങ്ങൾക്കുള്ള വിദ്യാഭ്യാസ സമീപനവും അറിയുവാൻ എന്തെല്ലാം സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 14.06.2012-ലെ മറുപടിക്ക്

കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമപ്രകാരം ദുര്‍ബല വിഭാഗങ്ങള്‍ക്കുള്ള സംവരണം

926 ശ്രീമതി. കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കേന്ദ്രവിദ്യാഭ്യാസ അവകാശനിയമപ്രകാരം സ്കൂള്‍ പ്രവേശനത്തിന് ദുര്‍ബലവിഭാഗങ്ങള്‍ക്ക് എത്ര ശതമാനം സംവരണമാണ് 2012-13 അധ്യയന വര്‍ഷം മുതല്‍ നടപ്പിലാക്കാന്‍ ഉദ്ദേശിക്കുന്നത്; ആയത് നിലവില്‍ എത്ര ശതമാനമായിരുന്നു; വിശദമാക്കുമോ;

(ബി) സംസ്ഥാനത്തെ സര്‍ക്കാര്‍, എയിഡഡ്, അണ്‍ എയിഡഡ്, ന്യൂനപക്ഷ പദവിയുള്ള അണ്‍ എയിഡഡ് സ്കൂളുകള്‍ എന്നിവിടങ്ങളിലെല്ലാം ഈ സംവരണം ബാധകമാണോ;

(സി) ബഹു. സുപ്രീം കോടതി വിധി പ്രകാരം എപ്രകാരമുള്ള വിദ്യഭ്യാസ സ്ഥാപനങ്ങളെയാണ് ഇത്തരം സംവരണപരിധിയില്‍ നിന്നും ഒഴിവാക്കിയിട്ടുള്ളത്; വ്യക്തമാക്കുമോ;

(ഡി) ദുര്‍ബലവിഭാഗത്തിലെ കുട്ടികള്‍ക്ക് സംവരണം ലഭിക്കാനുള്ള മാനദണ്ഡം എപ്രകാരമാണ് വിലയിരുത്തിയിട്ടുള്ളത് ; ഇതില്‍ മുന്നോക്ക വിഭാഗത്തിലെ കുട്ടികളേയും ഉള്‍പ്പെടുത്തിയിട്ടുണ്ടോ;

(ഇ) കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമപ്രകാരം അംഗവൈകല്യമുള്ള കുട്ടികള്‍ക്ക് എപ്രകാരമുള്ള സംവരണമാണ് പുതുതായി നടപ്പിലാക്കാന്‍ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

## കേരള നിയമസഭ
## 14.06.2012-ലെ മറുപടിക്ക്

(എഫ്) സംസ്ഥാന സർക്കാരിന്റെ എൻ.ഒ.സി.യോടുകൂടി കേന്ദ്ര സിലബസ് പഠിപ്പിക്കുന്ന വിദ്യാലയങ്ങൾക്കും സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന സംവരണം ബാധകമാണോ; വിശദമാക്കുമോ;

(ജി) 2012-13 മുതൽ ദുർബലവിഭാഗങ്ങൾക്ക് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന സംവരണം സംസ്ഥാനത്തെ മുഴുവൻ വിദ്യാലയങ്ങളും നടപ്പിൽ വരുത്തിയെന്ന് ഉറപ്പാക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

# കേരള നിയമസഭ
# 14.06.2012-ലെ മറുപടിക്ക്

<u>അൺഎയ്ഡഡ് സ്കൂളുകളിൽ ദുർബല വിഭാഗങ്ങൾക്ക് സംവരണം നടപ്പാക്കൽ</u>

927

ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമപ്രകാരം അൺഎയ്ഡഡ് സ്കൂളുകളിൽ 25 ശതമാനം ദുർബല വിഭാഗങ്ങൾക്കുള്ള സംവരണം കേരളത്തിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇതിനായി സർക്കാർ ഫണ്ട് അൺഎയിഡഡ് സ്ഥാപനങ്ങൾക്ക് അനുവദിക്കുമോ;

(സി) പൊതുവിദ്യാലയങ്ങൾ ധാരാളമുള്ള കേരളത്തിൽ ഈ രീതി സമീപത്തുള്ള പൊതുവിദ്യാലയങ്ങളെ ബാധിക്കുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇതിനു പകരമായി ഇത്തരം ഫണ്ടുകൾ പൊതുവിദ്യാഭ്യാസം മെച്ചപ്പെടുത്താനായി ഉപയോഗിക്കുമോ; വിശദമാക്കാമോ ?

# കേരള നിയമസഭ
## 14.06.2012-ലെ മറുപടിക്ക്

<u>വിദ്യാഭ്യാസ അവകാശനിയമപ്രകാരമുള്ള ഹയർ സെക്കണ്ടറി വിദ്യാഭ്യാസം</u>

928 ശ്രീമതി കെ. എസ്.സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്രവിദ്യാഭ്യാസ അവകാശനിയമപ്രകാരമുള്ള വൊക്കേഷണൽ ഹയർ സെക്കണ്ടറി വിദ്യാഭ്യാസത്തിന്റെ ഭാവി 2012-13 അദ്ധ്യയനവർഷം മുതൽ എന്താകുമെന്ന് വ്യക്തമാക്കുമോ;

(ബി) വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗത്തിൽ ജോലി നോക്കുന്ന ടീച്ചിംഗ്, നോൺടീച്ചിംഗ് സ്റ്റാഫുകളെ എപ്രകാരം നിലനിർത്താനാണ് ഉദ്ദേശിക്കുന്നത്;

(സി) വൊക്കേഷണൽ വിഷയങ്ങളെ എപ്രകാരം ഉപയോഗിക്കുവാനാണ് ഉദ്ദേശിക്കുന്നത്;

(ഡി) വൊക്കേഷണൽ ഹയർ സെക്കണ്ടറി പൂർണ്ണമായും നിർത്തലാക്കുന്നതോടുകൂടി എൽ.പി, യു.പി, ഹയർ സെക്കണ്ടറി തുടങ്ങിയ വിഭാഗങ്ങളുടെ പരിധി എപ്രകാരമായിരിക്കുമെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 14.06.2012-ലെ മറുപടിക്ക്

<u>വിദ്യാഭ്യാസരംഗത്തെ പരിഷ്കാരങ്ങൾ</u>

929 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിഭ്യാദ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര വിദ്യാഭ്യാസ നിയമം നടപ്പാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ രംഗത്ത് ഈ അധ്യയന വർഷം മുതൽ എന്തെല്ലാം പരിഷ്കാരങ്ങളാണ് നടപ്പിൽ വരുത്താൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ ;

(ബി) പ്രവേശനപ്രായം, സ്കൂളിന്റെ ഘടനാപരമായ മാറ്റം എന്നിവ സംബന്ധിച്ച് സർക്കാർ പുതിയ ഉത്തരവുകൾ ഇറക്കിയിട്ടുണ്ടോ ; എങ്കിൽ അതിന്റെ കോപ്പികൾ മേശപ്പുറത്ത് വയ്ക്കുമോ ?

# കേരള നിയമസഭ
# 14.06.2012-ലെ മറുപടിക്ക്

<u>വിദ്യാഭ്യാസ അവകാശനിയമം</u>

930 ശ്രീമതി കെ.എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ അവകാശനിയമം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് എല്ലാ സർക്കാർ, എയ്ഡഡ് സ്കൂളുകളിലും 8-ാം ക്ലാസ്സുവരെ പഠിക്കുന്ന മുഴുവൻ വിദ്യാർത്ഥികൾക്കും ക്ലാസ്സ് കയറ്റം നൽകുകയുണ്ടായോ;

(ബി) ഇപ്രകാരം ക്ലാസ്സ് കയറ്റം കിട്ടിയ മുഴുവൻ വിദ്യാർത്ഥികൾക്കും 'എ പ്ലസ്' നൽകുകയുണ്ടായോ; എങ്കിൽ ഇത് കുട്ടികളുടെ വിദ്യാഭ്യാസ അഭിരുചിയെ പിന്നോട്ടടിക്കുന്ന സമ്പ്രദായമല്ലെ; വ്യക്തമാക്കുമോ;

(സി) എട്ടാം ക്ലാസ്സ് വരെയുള്ള സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്ന ആൺ പെൺ വ്യത്യാസമോ, സാമ്പത്തിക പരിഗണനയോ നോക്കാതെ മുഴുവൻ കുട്ടികൾക്കും പാഠപുസ്തകം സൗജന്യമായി നൽകിയിട്ടുണ്ടോ;

(ഡി) എങ്കിൽ എത്ര ലക്ഷം കുട്ടികൾക്ക് ഇതിന്റെ പ്രയോജനം ലഭിച്ചുവെന്നും ആയതിലേക്ക് ചെലവഴിച്ച തുക എത്രയെന്നും വ്യക്തമാക്കുമോ; ഇത് പത്താം ക്ലാസ്സ് വരെ നടപ്പിലാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ;

# കേരള നിയമസഭ
## 14.06.2012-ലെ മറുപടിക്ക്

(ഇ) 8-ാം ക്ലാസ്സുവരെ സര്‍ക്കാര്‍ സ്കൂളുകളില്‍ പഠിക്കുന്ന എല്ലാ പെണ്‍കുട്ടികള്‍ക്കും, എസ്.സി./എസ്.ടി., ബി.പി.എല്‍. വിഭാഗത്തിലെ ആണ്‍കുട്ടികള്‍ക്കും ഈ അദ്ധ്യയനവര്‍ഷത്തില്‍ എത്ര ജോഡി യൂണിഫോം നല്‍കുകയുണ്ടായി; ആയതിലേക്ക് ചെലവഴിച്ച തുക എത്ര;

(എഫ്) സാമ്പത്തികമായും സാമൂഹികമായും പിന്നോക്കം നില്‍ക്കുന്ന കുടംബങ്ങളിലെ കുട്ടികള്‍ പഠിക്കുന്ന എയ്ഡഡ് സ്കൂളുകളെ യൂണിഫോം പദ്ധതിയില്‍ നിന്നും ഒഴിവാക്കിയതെന്തുകൊണ്ട്; വിശദമാക്കുമോ?

# കേരള നിയമസഭ
## 14.06.2012-ലെ മറുപടിക്ക്

12 – ാം ധനകാര്യകമ്മീഷന്‍ വിദ്യാഭ്യാസവകുപ്പിന് അനുവദിച്ച തുക

931 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിഭ്യാദ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) 12 – ാം ധനകാര്യകമ്മീഷന്‍ ശുപാര്‍ശപ്രകാരം വിദ്യാഭ്യാസ വകുപ്പിന് എത്ര തുക ലഭ്യമായിരുന്നു ; അതില്‍ എത്ര തുക ചെലവഴിച്ചു ;

(ബി) ഒറ്റപ്പാലം അസംബ്ലിമണ്ഡലത്തിലെ തച്ചനാട്ടുകര ഗ്രാമ പഞ്ചായത്തിലെ മാണിക്കപ്പറമ്പ് യു.പി. സ്കൂളിലും, കരിമ്പുഴ ഗ്രാമ പഞ്ചായത്തിലെ എലമ്പുലാശ്ശേരി സര്‍ക്കാര്‍ എല്‍.പി. സ്കുളിലും, ലക്കിടി ഗ്രാമപഞ്ചായത്തിലെ അകലൂര്‍ സര്‍ക്കാര്‍ യു.പി. സ്കൂളിലും കെട്ടിടങ്ങള്‍ നിര്‍മ്മിക്കുന്നതിനായി 12 – ാം ധനകാര്യകമ്മീഷനില്‍ നിന്നും ധന സഹായത്തിനായി അപേക്ഷ നല്‍കിയിരുന്നതിന്റെ കാലിക സ്ഥിതി വിശദമാക്കാമോ ;

(സി) ഇതിനായി തുക എന്ന് അനുവദിക്കുവാന്‍ കഴിയും എന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 14.06.2012-ലെ മറുപടിക്ക്

**ആദായകരമല്ലാത്ത സ്കൂളുകൾ നിർണ്ണയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ**

932 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുതിയ വിദ്യാഭ്യാസ നയത്തിന്റെ ഭാഗമായി സംസ്ഥാനത്ത് ആദായകരമല്ലാത്ത സ്കൂളുകൾ നിർണ്ണയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദീകരിക്കാമോ;

(ബി) ഈ അദ്ധ്യയനവർഷത്തിൽ എൽ.പി. യു.പി, ഹൈസ്കൂൾ തലങ്ങളിൽ മിനിമം വേണ്ട കുട്ടികളുടെ എണ്ണം എത്രയെന്ന് വിശദീകരിക്കാമോ;

(സി) നിശ്ചിത എണ്ണം അഡ്മിഷൻ ലഭിക്കാത്ത എയ്ഡഡ് വിദ്യാലയങ്ങളിലെ റിട്ടയർമെന്റ് പി.എസ്.സി ഒഴിവുകളിൽ അദ്ധ്യാപകരെ നിയമിക്കുന്നതിനും അംഗീകാരം നൽകുന്നതിനും തടസ്സങ്ങളുണ്ടോ; വിശദാംശം നൽകുമോ;

(ഡി) ആദായകരമല്ലാത്ത വിദ്യാലയങ്ങൾ അടച്ചുപൂട്ടാൻ ഉദ്ദേശിക്കുന്നുണ്ടോ?

# കേരള നിയമസഭ
## 14.06.2012-ലെ മറുപടിക്ക്

<u>ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് മൈനോറിറ്റി ഫണ്ട്</u>

933 ശ്രീ. പി.കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മൈനോറിറ്റി ഫണ്ടിനത്തിൽ ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് കേന്ദ്ര സർക്കാരിന്റെ എത്ര രൂപ ലഭിച്ചു ;

(ബി) ആയത് ലഭിച്ച സ്ക്കൂളുകളുടെ പേരും ലഭിച്ച ഫണ്ടും എത്രയെന്ന് വിശദമാക്കുമോ ;

(സി) പ്രസ്തുത തുക ബന്ധപ്പെട്ട സ്ക്കൂളുകൾക്ക് അനുവദിച്ച് നൽകിയോയെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 14.06.2012-ലെ മറുപടിക്ക്

<u>സ്കൂള്‍ പാഠ്യപദ്ധതി</u>

934 ശ്രീ. എം. പി. വിന്‍സെന്റ്
'' റ്റി. എന്‍. പ്രതാപന്‍
'' വി. പി. സജീന്ദ്രന്‍
'' എം. എ. വാഹിദ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാന സ്കൂള്‍ പാഠ്യപദ്ധതി പരിശോധിക്കാന്‍ എന്തെല്ലാം നടപടികള്‍ സ്വീകരിച്ചിട്ടുണ്ട് ;

(ബി) ഇതിനായി ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്;

(സി) എന്തെല്ലാം കാര്യങ്ങളാണ് പരിശോധനാ വിഷയത്തില്‍ ഉള്‍പ്പെടുത്തിയിട്ടുള്ളത് എന്നും വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 14.06.2012-ലെ മറുപടിക്ക്

<u>സ്കൂളുകളിലെ പാർലമെന്ററി ലിറ്ററസി ക്ലബ്</u>

935 ശ്രീ. വി. ഡി. സതീശൻ
,, ലൂഡി ലൂയിസ്
,, ഡൊമിനിക് പ്രസന്റേഷൻ
,, ബെന്നി ബെഹനാൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിലെ പാർലമെന്ററി ലിറ്ററസി ക്ലബ് പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(ബി) ആരാണ് പ്രസ്തുത പദ്ധതിക്ക് നേതൃത്വം നൽകുന്നത് ;

(സി) ആദ്യഘട്ടത്തിൽ എത്ര സ്കൂളുകളിലാണ് പദ്ധതി നടപ്പാക്കുന്നത്?

# കേരള നിയമസഭ
## 14.06.2012-ലെ മറുപടിക്ക്

<u>അക്കാഡമിക് സിറ്റി</u>

936 ശ്രീ. കെ. മുരളീധരന്‍
,, ഹൈബി ഈഡന്‍
,, തേറമ്പില്‍ രാമകൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് ഒരു അക്കാഡമിക് സിറ്റി സ്ഥാപിക്കാന്‍ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വിശദമാക്കാമോ;

(ബി) അക്കാഡമിക് സിറ്റി കൊണ്ട് കൈവരിക്കാനുദ്ദേശിക്കുന്ന ലക്ഷ്യങ്ങള്‍ എന്തെല്ലാമാണ് ;

(സി) ഇതിനായി എന്തെല്ലാം പ്രാരംഭ നടപടികള്‍ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കുമോ ?

## കേരള നിയമസഭ
## 14.06.2012-ലെ മറുപടിക്ക്

പാഠ്യേതര പ്രവര്‍ത്തനമായി യോഗ, കൗണ്‍സിലിംഗ് എന്നിവ ഉള്‍പ്പെടുത്തല്‍

937 ശ്രീ. പാലോട് രവി
,, സണ്ണി ജോസഫ്
,, ഡൊമിനിക് പ്രസന്റേഷന്‍
,, വി. ഡി. സതീശന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) വിദ്യാഭ്യാസ സ്ഥാപനങ്ങളില്‍ പാഠ്യേതര പ്രവര്‍ത്തനമായി വിദ്യാര്‍ത്ഥികള്‍ക്ക് കായിക വിദ്യാഭ്യാസത്തോടൊപ്പം യോഗ, കൗണ്‍സിലിംഗ്, എന്നിവകൂടി ഉള്‍പ്പെടുത്തി വിദ്യാര്‍ത്ഥികളുടെ മനോവീര്യം വര്‍ദ്ധിപ്പിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഒരു സിലബസ് നിശ്ചയിച്ച് ദിവസവും ഒരു പീരീഡ് ഇതിനായി അനുവദിക്കുമോ; വിശദാംശങ്ങള്‍ വ്യക്തമാക്കുമോ;

(സി) ഇതിനായി എന്തെല്ലാം നടപടികള്‍ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 14.06.2012-ലെ മറുപടിക്ക്

വിദ്യാഭ്യാസരംഗം മെച്ചപ്പെടുത്താൻ നടപടികൾ

938 ശ്രീ. മോൻസ് ജോസഫ്
,, തോമസ് ഉണ്ണിയാടൻ
,, റ്റി. യു. കുരുവിള
,, സി. എഫ്. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മൂല്യവത്തും, അന്തർദേശീയ നിലവാരം ഉള്ളതുമായ വിദ്യാഭ്യാസ ജനങ്ങൾക്ക് ഉറപ്പുവരുത്തുന്നതിന് ഈ സർക്കാർ സ്വീകരിച്ചിട്ടുളള നടപടികൾ വിശദമാക്കാമോ ;

(ബി) എയ്ഡഡ്, സ്വാശ്രയ മേഖലകളിൽ ആവശ്യമായ കൂടുതൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 14.06.2012-ലെ മറുപടിക്ക്

<u>മലയാള ഭാഷാ പഠനം നിർബന്ധമാക്കി ഉത്തരവ്</u>

939 ശ്രീ. റ്റി. എൻ. പ്രതാപൻ
,, വി. പി. സജീന്ദ്രൻ
,, സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദ്യാലയങ്ങളിൽ മലയാള ഭാഷാ പഠനം നിർബന്ധമാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ നടത്തിപ്പ് എത്രമാത്രം കാര്യക്ഷമമാണെന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) ഉത്തരവ് നടപ്പാക്കാത്ത വിദ്യാലയങ്ങളുടെ മേൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ഡി) സംസ്ഥാനത്തെ കേന്ദ്രീയ വിദ്യാലയങ്ങളിൽ മലയാളം പഠിപ്പിക്കുന്നുണ്ടോ എന്ന് പരിശോധിക്കാറുണ്ടോ;

(ഇ) പ്രസ്തുത സർക്കാർ ഉത്തരവ് സംസ്ഥാനത്തെ കേന്ദ്രീയ വിദ്യാലയങ്ങൾക്കും ബാധകമാണോ?

# കേരള നിയമസഭ
## 14.06.2012-ലെ മറുപടിക്ക്

<u>ഒന്നാം ഭാഷയായി മലയാളം പഠിപ്പിക്കാനുള്ള നടപടി</u>

940 ശ്രീ. കെ. എൻ. എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ എല്ലായിടത്തും ഒന്നാം ഭാഷയായി മലയാളം പഠിപ്പിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) സംസ്ഥാനത്തെ കേന്ദ്രീയ വിദ്യാലയങ്ങളിലും ചില മാനേജ്മെന്റ് സ്ക്കൂളുകളിലും സർക്കാരിന്റെ ഇതു സംബന്ധിച്ച തീരുമാനം നടപ്പാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

# കേരള നിയമസഭ
# 14.06.2012-ലെ മറുപടിക്ക്

എസ്.എസ്.എ പദ്ധതി

941 ശ്രീ. പി. എ. മാധവൻ
,, എം. പി. വിൻസെന്റ്
,, റ്റി. എൻ. പ്രതാപൻ
,, വർക്കല കഹാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എസ്.എസ്.എ പദ്ധതിയിൽ ഉൾപ്പെടുത്തി 2012 – 13 വർഷം കേരളത്തിന് എത്ര തുക ലഭിച്ചു ;

(ബി) പ്രസ്തുത ഫണ്ട് മുഖേന നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ഏതെല്ലാമാണ് ;

(സി) എല്ലാ സ്കൂളുകളിലും കുടിവെള്ളവും പ്രാഥമിക സൗകര്യങ്ങൾക്കുമുളള സംവിധാനവും ഉറപ്പുവരുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് അറിയിക്കാമോ ?

# കേരള നിയമസഭ
## 14.06.2012-ലെ മറുപടിക്ക്

<u>എസ്.എസ്.എ ഫണ്ട് ചെലവഴിക്കാത്തതു സംബന്ധിച്ച റിപ്പോർട്ടുകൾ</u>

942 ശ്രീ. ഹൈബി ഈഡൻ
,, എം. പി. വിൻസെന്റ്
,, റ്റി. എൻ. പ്രതാപൻ
,, വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് എസ്. എസ്. എ ഫണ്ട് ചെലവഴിക്കാത്തതു സംബന്ധിച്ച റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) ഇതിനെക്കുറിച്ച് അന്വേഷിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) ഏതു തരത്തിലുള്ള അന്വേഷണമാണ് നടത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 14.06.2012-ലെ മറുപടിക്ക്

<u>എസ്.എസ്.എ. ഫണ്ട്</u>

943 ശ്രീ. എം. ചന്ദ്രൻ
,, കെ. രാധാകൃഷ്ണൻ
,, എ.എം. ആരിഫ്
,, ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011-2012-ൽ സംസ്ഥാന സർക്കാരിന് ലഭിച്ച എസ്.എസ്.എ. ഫണ്ട് എത്രയായിരുന്നുവെന്നും ഇതിൽ എത്ര തുകയാണ് ചെലവഴിച്ചത് എന്നും വ്യക്തമാക്കുമോ;

(ബി) ഫണ്ട് പൂർണമായും ചെലവഴിക്കാൻ സാധിക്കാത്തതിന്റെ കാരണവും വ്യക്തമാക്കുമോ;

(സി) എസ്.എസ്.എ. ഫണ്ട് ചെലവഴിച്ചതിന്റെ കണക്കുകൾ ജില്ലാ അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 14.06.2012-ലെ മറുപടിക്ക്

<u>സര്‍വ്വശിക്ഷാ അഭിയാന്റെ കീഴില്‍ വിദ്യാലയങ്ങളില്‍ ഭൗതികസാഹചര്യം ഒരുക്കല്‍</u>

944 ശ്രീ. റ്റി. എ. അഹമ്മദ് കബീര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സര്‍വ്വശിക്ഷാ അഭിയാന്റെ കീഴില്‍ വിദ്യാലയങ്ങളില്‍ ഭൗതികസാഹചര്യം ഒരുക്കുന്നതിന്റെ ഭാഗമായി മങ്കട നിയോജക മണ്ഡലത്തിലെ ഏതെല്ലാം സ്ക്കൂളുകളില്‍ ഏതൊക്കെ തരത്തിലുള്ള പ്രവര്‍ത്തങ്ങള്‍ ഏറ്റെടുത്തിട്ടുണ്ടെന്നതിന്റെ വിശദാംശം നല്കുമോ ;

(ബി) ഇവയില്‍ ഏതൊക്കെ പ്രവര്‍ത്തികള്‍ പൂര്‍ത്തിയായിട്ടുണ്ട് ?

# കേരള നിയമസഭ
## 14.06.2012-ലെ മറുപടിക്ക്

<u>രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ പദ്ധതി</u>

945 ശ്രീ. പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ (ആർ.എം.എസ്.എ.) പദ്ധതിപ്രകാരം സംസ്ഥാനത്ത് എത്ര സ്കൂളുകൾക്കാണ് ഹൈസ്കൂളുകളാക്കാൻ കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചിട്ടുള്ളത് ; അവ ഏതെല്ലാമാണെന്ന് വിശദമാക്കുമോ ;

(ബി) നിലവിൽ ഇവയിൽ ഏതെല്ലാം സ്കുളുകൾ ഹൈസ്കൂളുകളാക്കി ഉയർത്തിയിട്ടുണ്ട് ;

(സി) കേന്ദ്രസർക്കാർ അനുവദിച്ച സ്കൂളുകളിൽ ഇനിയും ഹൈസ്കൂൾ ക്ലാസുകൾ ആരംഭിക്കാത്ത സ്കൂളുകളിൽ പ്രസ്തുത ക്ലാസുകൾ എന്ന് ആരംഭിക്കും ;

(ഡി) പ്രസ്തുത സ്കൂളുകളിൽ ക്ലാസുകൾ ആരംഭിക്കുന്നതിനുള്ള
തടസ്സങ്ങൾ എന്താണെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 14.06.2012-ലെ മറുപടിക്ക്

<u>രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ പദ്ധതിപ്രകാരം അനുവദിച്ച തുക</u>

946 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ എന്ന കേന്ദ്രാവിഷ്കൃത പദ്ധതിപ്രകാരം കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എത്ര ഹൈസ്കൂളുകൾ അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ;

(ബി) പ്രാരംഭ പ്രവർത്തനങ്ങൾക്കായി ഈ സ്കൂളുകൾക്ക് എത്ര തുക നൽകിയിട്ടുണ്ട് ;

(സി) ഭൗതീക സാഹചര്യങ്ങളടക്കം മെച്ചപ്പെടുത്തുന്നതിനായി ഈ തുക എങ്ങനെ ചെലവഴിക്കണമെന്ന മാർഗ്ഗ നിർദ്ദേശം നാളിതുവരെയായി ബന്ധപ്പെട്ട സ്കൂളുകൾക്ക് നൽകിയിട്ടില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ മാർഗനിർദ്ദേശം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ ; വിശദാംശങ്ങൾ അറിയിക്കുമോ ?

# കേരള നിയമസഭ
## 14.06.2012-ലെ മറുപടിക്ക്

<u>ഫ്യൂച്ചര്‍ സ്കൂള്‍ പദ്ധതി</u>

947 ശ്രീ. ഇ. ചന്ദ്രശേഖരന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് ഫ്യൂച്ചര്‍ സ്കൂള്‍ പദ്ധതി തുടങ്ങുവാന്‍ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) എങ്കില്‍ ഇതിന്റെ വിശദാംശങ്ങള്‍ വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 14.06.2012-ലെ മറുപടിക്ക്

<u>ആർ.എം.എസ്.എ പദ്ധതി ഫണ്ടുകൾ</u>

948 ശ്രീ. പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2009-10, 2010-11, 2011-12 വർഷങ്ങളിൽ ആർ.എം.എസ്.എ പദ്ധതിക്കായി സംസ്ഥാന സർക്കാരിന് കേന്ദ്ര സർക്കാർ എത്ര തുക അനുവദിച്ചു, ഇതിൽ എത്ര തുക സംസ്ഥാനത്തിന് ലഭിച്ചു ;

(ബി) ആർ.എം.എസ്.എ പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് നാളിതുവരെയായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 14.06.2012-ലെ മറുപടിക്ക്

എൻ. സി. ഇ. ആർ.റ്റി സർവ്വേ

949

ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) രാജ്യത്തെ അഞ്ചാം ക്ലാസ് വിദ്യാർത്ഥികളുടെ പഠന നിലവാരം സംബന്ധിച്ച് എൻ. സി. ഇ. ആർ. റ്റി. സർവ്വെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഭാഷ, ഗണിത ശാസ്ത്രം, പരിസ്ഥിതി പഠനം എന്നിവയിൽ കേരളം മറ്റ് ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളെക്കാൾ പിറകിലാണെന്ന സർവ്വെ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചു; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 14.06.2012-ലെ മറുപടിക്ക്

കുന്ദമംഗലം വില്ലേജിൽ കളിസ്ഥലം

950 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് താലൂക്കിലെ കുന്ദമംഗലം വില്ലേജിൽ വിദ്യാഭ്യാസ വകുപ്പിന്റെ അധീനതയിൽ ഉപയോഗപ്പെടുത്താതെ കിടക്കുന്ന രണ്ടേക്കർ ഭൂമി അന്യാധീനപ്പെടുന്നത് തടയാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഈ സ്ഥലം കളിസ്ഥലമാക്കി മാറ്റാൻ അനുമതി നൽകുന്ന കാര്യം പരിഗണിക്കുമോ ;

(സി) ഈ സ്ഥലം റവന്യൂ വകുപ്പിന് തിരിച്ചു നൽകാൻ ജില്ലാ കളക്ടർ ആവശ്യപ്പെട്ടിട്ടുണ്ടോ ?

# കേരള നിയമസഭ
# 14.06.2012-ലെ മറുപടിക്ക്

**വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിൽ ന്യൂ ജനറേഷൻ കോഴ്സുകൾ**

951 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് റവന്യൂ ജില്ലയിൽ ഈ അധ്യയനവർഷം ഏതെല്ലാം സ്കൂളുകളിൽ പുതിയ വൊക്കേഷണൽ ഹയർ സെക്കണ്ടറി കോഴ്സുകൾ അനുവദിച്ചിട്ടുണ്ട്;

(ബി) സംസ്ഥാനത്ത് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിൽ ന്യൂ ജനറേഷൻ കോഴ്സുകൾ എന്ന നിലയിൽ ഏതെല്ലാം വിഷയത്തിലുള്ള കോഴ്സുകൾ ആരംഭിക്കുന്നതിനാണ് അനുവാദം നൽകിയിട്ടുള്ളത്?

# കേരള നിയമസഭ
## 14.06.2012-ലെ മറുപടിക്ക്

<u>അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം</u>

952 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാമിന്റെ ഭാഗമായി വി.എച്ച്.എസ്.ഇ. കോഴ്സുകൾ അനുവദിക്കുന്നതിന്റെ വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) സംസ്ഥാനത്ത് എത്ര സ്കൂളുകളിലാണ് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്;

(സി) ഏതൊക്കെ കോഴ്സുകളാണ് ഇതിന്റെ ഭാഗമായി ആരംഭിക്കുന്നത്;

(ഡി) സ്കൂളുകൾ തെരഞ്ഞെടുക്കുന്നതിലും കോഴ്സുകൾ തെരഞ്ഞെടുക്കുന്നതിലും സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ വിശദമാക്കാമോ?

# കേരള നിയമസഭ

## 14.06.2012-ലെ മറുപടിക്ക്

<u>സെന്റ് ക്ലെയർ ബധിര വിദ്യാലയത്തിലെ ഹയർസെക്കണ്ടറി വിഭാഗത്തിന് എയ്ഡഡ് പദവി</u>

953 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സ്പെഷ്യൽ സ്ക്കൂളുകളിലെ ഹയർ സെക്കണ്ടറി വിഭാഗത്തിന് എയ്ഡഡ് പദവി നൽകുന്ന കാര്യത്തിൽ തീരുമാനമെടുത്തിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം സ്ക്കൂളുകളുടെ പേരാണ് ഇപ്പോൾ പരിഗണനയിലുള്ളത്;

(സി) അങ്കമാലി നിയോജകമണ്ഡലത്തിലെ കാലടി ഗ്രാമപഞ്ചായത്തിലെ മാണിക്കമംഗലം എന്ന പ്രദേശത്ത് 1993 മുതൽ പ്രവർത്തിക്കുന്ന സെന്റ് ക്ലെയർ എന്ന ബധിര വിദ്യാലയത്തിലെ ഹയർ സെക്കണ്ടറി വിഭാഗത്തിന് എയ്ഡഡ് പദവി ലഭിക്കുന്നതിനായി സമർപ്പിച്ചിരുന്ന അപേക്ഷ പരിഗണിച്ചിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ ഈ അപേക്ഷ പരിഗണിക്കുവാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 14.06.2012-ലെ മറുപടിക്ക്

2010 ൽ സംസ്ഥാനത്ത് ആരംഭിച്ച ഹയർ സെക്കന്ററി സ്കൂളുകൾ

954

ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2010 -ൽ ആകെ എത്ര ഹയർ സെക്കൻഡറി സ്കൂളുകളാണ് അനുവദിച്ചിരുന്നതെന്നറിയിക്കാമോ;

(ബി) ഇവയിലെല്ലാം കൂടി എത്ര തസ്തികകളാണ് സൃഷ്ടിച്ചിരുന്നതെന്നും അവയിൽ എത്ര നിയമനം നടന്നുവെന്നും വ്യക്തമാക്കുമോ;

(സി) നിയമനം നടന്നതിൽ എത്രയെണ്ണം സർക്കാർ അംഗീകരിക്കാൻ ബാക്കിയുണ്ടെന്നും അത് എന്തുകൊണ്ടാണെന്നും അറിയിക്കാമോ;

(ഡി) പ്രസ്തുത നിയമനങ്ങൾ അംഗീകരിച്ച് അവർക്ക് ശമ്പളം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 14.06.2012-ലെ മറുപടിക്ക്

പ്ലസ്ടൂവിന് പുതിയ ബാച്ചുകൾ അനുവദിക്കുന്ന കാര്യം

955 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ അദ്ധ്യയന വർഷം പ്ലസ്ടൂവിന് പുതിയ ബാച്ചുകൾ അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ;

(ബി) എങ്കിൽ ഇതിന്റെ മാനദണ്ഡം എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ;

(സി) ആലത്തൂർ മണ്ഡലത്തിൽപ്പെട്ട ഏതെല്ലാം സ്കൂളുകൾക്കാണ് പുതിയ ബാച്ച് അനുവദിച്ചിട്ടുളളതെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 14.06.2012-ലെ മറുപടിക്ക്

ഹയർ സെക്കണ്ടറിക്ക് പുതിയ സീറ്റുകൾ

956 ശ്രീ. സി. കെ. നാണു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലബാർ ഭാഗത്ത് തൃശ്ശൂർ ജില്ലയടക്കം എത്ര വിദ്യാലയങ്ങളിൽ ജില്ലകൾതോറും എത്ര പുതിയ സീറ്റുകൾ ഹയർ സെക്കണ്ടറിക്ക് അനുവദിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) ഇനി എത്ര സീറ്റുകൾ വീതം ഓരോ ജില്ലയിലും ആവശ്യമുണ്ടെന്നും സർക്കാർ എയ്ഡഡ് വിദ്യാലയങ്ങളിൽ എത്രവീതം സീറ്റുകൾ അനുവദിച്ചുവെന്നും വിശദമാക്കുമോ;

(സി) പുതിയ സീറ്റുകൾ അനുവദിച്ച വിദ്യാലയങ്ങളിൽ ക്ലാസ് റൂം പണിയാൻ മലബാർ പാക്കേജിന്റെ ഭാഗമായി നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
# 14.06.2012-ലെ മറുപടിക്ക്

<u>ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന പ്ലസ്ടു
അദ്ധ്യാപകരുടെ സേവന-വേതന വ്യവസ്ഥകൾ</u>

957 ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹയർസെക്കണ്ടറി സ്കൂളുകളിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന പ്ലസ്ടു അദ്ധ്യാപകർക്ക് ആഴ്ചയിൽ ഒരേ എണ്ണം പീരീഡുകൾ കൈകാര്യം ചെയ്യുമ്പോൾ വിവിധ സ്കൂളുകളിൽ വ്യത്യസ്ത രിതിയിലാണ് ജോലി ദിനങ്ങൾ നൽകുന്നത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത അദ്ധ്യാപകരുടെ സേവന - വേതന വ്യവസ്ഥകളുടെ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ ?

# കേരള നിയമസഭ
## 14.06.2012-ലെ മറുപടിക്ക്

സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ
വിദ്യാഭ്യാസ നിലവാരം

958 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പൊതുവേ വിദ്യാഭ്യാസ നിലവാരത്തകർച്ച അനുഭവപ്പെടുന്നു എന്ന ഹൈക്കോടതി പരാമർശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വിദ്യാർത്ഥികളിൽനിന്നും വർദ്ധിച്ച ഫീസ് ഈടാക്കുന്ന സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദാംശം നല്കാമോ?

# കേരള നിയമസഭ
# 14.06.2012-ലെ മറുപടിക്ക്

<u>അൺ എയ്ഡഡ് സ്കൂളുകൾക്ക് അനുമതി</u>

959 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എത്ര അൺ എയ്ഡഡ് സ്കൂളുകൾക്ക് അനുമതി നൽകുകയുണ്ടായി; ജില്ല തിരിച്ച് വിശദമാക്കാമോ; സംസ്ഥാനത്ത് ഇപ്പോൾ എത്ര അൺ എയ്ഡഡ് സ്കൂളുകൾ ഉണ്ട്;

(ബി) എത്ര സി.ബി.എസ്.ഇ സ്കൂളുകൾക്ക് എൻ.ഒ. സി നൽകുകയുണ്ടായി; ജില്ല തിരിച്ച് വിശദമാക്കാമോ;

(സി) അൺ എയ്ഡഡ് സ്കൂളുകൾ അനുവദിക്കുന്നതിനു വേണ്ടി എത്ര അപേക്ഷകൾ ഇപ്പോൾ പരിഗണനയിലിരിക്കുന്നുണ്ട്?

# കേരള നിയമസഭ
# 14.06.2012-ലെ മറുപടിക്ക്

<u>സി. ബി. എസ്. ഇ/ഐ. സി. എസ്. ഇ. സ്കൂളുകൾ</u>

960 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്താകമാനം എത്ര സി. ബി. എസ്. ഇ./ഐ. സി. എസ്. ഇ. സ്കൂളുകൾ നിലവിലുണ്ട് ; ഓരോന്നും തരം തിരിച്ച് ലഭ്യമാക്കുമോ ; ഓരോ വിഭാഗത്തിലും എത്ര കുട്ടികൾ പഠിക്കുന്നുണ്ട് ;

(ബി) സംസ്ഥാന സിലബസ് പഠിപ്പിക്കുന്ന എത്ര അൺഎയിഡഡ് സകൂൂളുകൾ നിലവിലുണ്ട് ; എത്ര കുട്ടികൾ ഈ സ്കൂളുകളിൽ പഠിക്കുന്നുണ്ട് ?

# കേരള നിയമസഭ
## 14.06.2012-ലെ മറുപടിക്ക്

<u>സാങ്കേതിക വിദ്യാഭ്യാസ വകുപ്പിലെ 'സെ' പരീക്ഷാഫലം പ്രസിദ്ധീകരിക്കുന്നതിലെ കാലതാമസം</u>

961 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാങ്കേതിക വിദ്യാഭ്യാസ വകുപ്പിലെ എസ്. എസ്. എൽ. സി. പരീക്ഷാഫലം പ്രസിദ്ധീകരിക്കുവാൻ ഈ വർഷം എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) എസ്. എസ്. എൽ. സി. 'സെ' പരീക്ഷാ ഫലത്തിനൊപ്പം സാങ്കേതിക വിദ്യാഭ്യാസ വകുപ്പിലെ 'സെ' പരീക്ഷാഫലവും പ്രസിദ്ധീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാലതാമസത്തിന് കാരണം വ്യക്തമാക്കുമോ; ഇതൊഴിവാക്കാൻ എന്ത് നടപടി സ്വീകരിച്ചു എന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
# 14.06.2012-ലെ മറുപടിക്ക്

**എസ്. എസ്. എൽ. സി. പരീക്ഷയിൽ ഉപരിപഠന യോഗ്യത നേടിയവർ**

962 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012 മാർച്ച് മാസത്തിൽ നടന്ന എസ്. എസ്. എൽ. സി. പരീക്ഷയിൽ എത്ര വിദ്യാർത്ഥികൾ ഉപരിപഠന യോഗ്യത നേടുകയുണ്ടായി; ജില്ലാടിസ്ഥാനത്തിൽ വിശദമാക്കുമോ;

(ബി) ഓരോ ജില്ലയിലുമായി ഓരോ വിഷയത്തിൽ പ്ലസ് വണ്ണിന് എത്ര സീറ്റുകൾ ആണുള്ളത്;

(സി) വിജയിച്ച എല്ലാ കുട്ടികൾക്കും ഉപരിപഠനം നൽകുന്നതിനാവശ്യമായ സീറ്റുകൾ ലഭ്യമാണോ; അല്ലെങ്കിൽ ഏതു മേഖലയിൽ ഏത് ജില്ലയിലാണ് കുറവുവരിക;

(ഡി) കുറവുവരുന്ന പ്ലസ് വൺ സീറ്റുകൾ അധികമായി അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദാംശം അറിയിക്കുമോ?

# കേരള നിയമസഭ
# 14.06.2012-ലെ മറുപടിക്ക്

<u>പരീക്ഷാഭവനിലെ ജീവനക്കാരുടെ പ്രതിഫലം</u>

963 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എസ്. എസ്. എൽ. സി. പരീക്ഷയിൽ മാർക്ക് ടാബുലേഷന്റെ ഭാഗമായി പരീക്ഷാഭവനിലെ ജീവനക്കാർക്ക് നൽകിവരുന്ന പ്രതിഫലം വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) പ്രതിഫലം വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ ആയത് സമയബന്ധിതമായി നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 14.06.2012-ലെ മറുപടിക്ക്

<u>എസ്.എസ്.എൽ.സി പരീക്ഷയിൽ സോഷ്യൽ സയൻസ് വിഷയത്തിലെ തോൽവി</u>

964 ശ്രീ. കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എസ്.എസ്.എൽ.സി പരീക്ഷയിൽ ഇടുക്കി ജില്ലയിൽ നിന്ന് ഉപരി പഠനത്തിന് അർഹത നേടാത്ത വിദ്യാർത്ഥികളിൽ ബഹുഭൂരിപക്ഷവും തോറ്റത് സോഷ്യൽ സയൻസ് എന്ന വിഷയത്തിനാണ് എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) മറ്റു വിഷയങ്ങൾക്ക് ഉയർന്ന ഗ്രേഡ് വാങ്ങിയ പല കുട്ടികളും സോഷ്യൽ സയൻസ് വിഷയത്തിൽ ഏറെ പിന്നിൽ പോയ സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഈ ജില്ലയിൽ നിന്നും പുനർമൂല്യനിർണ്ണയത്തിനായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; അപേക്ഷകർക്ക് പുനർമൂല്യനിർണ്ണയം യഥാസമയം നടത്തി നൽകിയിട്ടുണ്ടോ ; പുനർമൂല്യനിർണ്ണയം ഫീസടക്കാതെ ചെയ്യുന്നതിനായി സൗകര്യം നൽകിയിരുന്നോ ;

(ഡി) സോഷ്യൽ സയൻസ് വിഷയത്തിലെ കുട്ടികളുടെ കൂട്ടത്തോൽവി സംബന്ധിച്ച് സർക്കാർ അന്വേഷണം നടത്തിയിട്ടുണ്ടോ ; വിശദാംശം നൽകുമോ ?

# കേരള നിയമസഭ
## 14.06.2012-ലെ മറുപടിക്ക്

എസ്.എസ്.എൽ.സി. പുനർമൂല്യനിർണ്ണയത്തിലെ കാലതാമസം

965 ശ്രീ. കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എസ്.എസ്.എൽ.സി പരീക്ഷാഫലത്തിന്റെ പുനർമൂല്യനിർണ്ണയ ത്തിനായി ഈ വർഷം ലഭിച്ച ആകെ അപേക്ഷകൾ എത്ര ;

(ബി) ഇവയിൽ എത്ര അപേക്ഷകൾ പ്ലസ് വൺ കോഴ്സിന് അപേക്ഷിക്കേണ്ട സമയപരിധിക്ക് മുമ്പ് മൂല്യനിർണ്ണയം നടത്തി പുതിയ ഗ്രേഡ് നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ;

(സി) കോഴ്സിന് അപേക്ഷ സമർപ്പിക്കേണ്ട സമയപരിധിക്കുശേഷവും പുനർമൂല്യനിർണ്ണയം നടത്തി പുതിയ ഗ്രേഡ് നൽകാത്ത അപേക്ഷകൾ എത്രയെന്ന് വ്യക്തമാക്കാമോ ;

(ഡി) ഈ കുട്ടികൾക്ക് യഥാസമയം പുതിയ ഗ്രേഡ് ലഭിക്കാത്തതിനാൽ ഇഷ്ടപ്പെട്ട വിഷയങ്ങളിലും താത്പര്യമുളള സ്കൂളുകളിലും പ്രവേശനം ലഭിക്കാത്ത സാഹചര്യം നിലവിലുണ്ടോ ; എങ്കിൽ അതു പരിഹരിക്കുന്നതിന് എന്ത് നടപടിയെടുക്കും എന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
# 14.06.2012-ലെ മറുപടിക്ക്

<u>പാഠപുസ്തക വിതരണം</u>

966 ശ്രീ. എം.എ. വാഹീദ്
,, സണ്ണി ജോസഫ്
,, വി.ഡി. സതീശൻ
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിൽ പാഠപുസ്തക വിതരണത്തിന് എന്തെല്ലാം പുതിയ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) ഈ അദ്ധ്യയന വർഷത്തേക്കുള്ള പാഠപുസ്തകങ്ങൾ തയ്യാറാക്കിയിട്ടുണ്ടോ ;

(സി) പാഠപുസ്തക വിതരണം എന്ന് പൂർത്തീകരിക്കാനാകുമെന്ന് അറിയിക്കാമോ ;

(ഡി) ഏതെല്ലാം വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കാണ് സൗജന്യമായി പാഠപുസ്തകം വിതരണം ചെയ്യുന്നത് ?

# കേരള നിയമസഭ
## 14.06.2012-ലെ മറുപടിക്ക്

<u>പാഠപുസ്തകങ്ങളുടെ വിതരണം</u>

967 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഒന്ന് മുതൽ പത്തുവരെ ക്ലാസുകളിലെ പാഠപുസ്തകങ്ങളുടെ വിതരണം പൂർത്തിയായിട്ടുണ്ടോ ;

(ബി) ഈ അദ്ധ്യയന വർഷത്തേയ്ക്കുള്ള മുഴുവൻ പാഠപുസ്തകങ്ങളും വിതരണം ചെയ്യുന്നതിനായി ഈവർഷം സ്വീകരിച്ച പുതിയ മാർഗ്ഗങ്ങൾ വിശദമാക്കുമോ ;

(സി) വിതരണത്തെ സംബന്ധിച്ച് ആക്ഷേപങ്ങളോ പരാതികളോ
ലഭിച്ചിട്ടുണ്ടോ ;

(ഡി) ഇനിയും ഏതെങ്കിലും പുസ്തകങ്ങളുടെ അച്ചടി പൂർത്തിയാവാനുണ്ടോ ?

# കേരള നിയമസഭ
# 14.06.2012-ലെ മറുപടിക്ക്

പാഠപുസ്തക ഡിപ്പോകളിലെ കാലഹരണപ്പെട്ട പുസ്തകങ്ങള്‍

968 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഗവണ്‍മെന്റിന്റെ പാഠപുസ്തക ഡിപ്പോകളിലെ കാലഹരണപ്പെട്ട പുസ്തകങ്ങള്‍ തൂക്കി വില്‍ക്കുന്നതിന് തീരുമാനിക്കുകയുണ്ടായോ; കാലഹരണപ്പെട്ടവ ഒഴിവാക്കുന്നത് സംബന്ധിച്ച നടപടിക്രമങ്ങള്‍ എന്താണ്; ഇതിനു വിരുദ്ധമായ നിലയില്‍ പുസ്തകങ്ങള്‍ വിറ്റഴിച്ചിട്ടുണ്ടോ;

(ബി) കാലഹരണപ്പെട്ടവ ഒഴിവാക്കിയതുമായി ബന്ധപ്പെട്ട എന്തെങ്കിലും വല്ല ആരോപണം ഉണ്ടായോ; എങ്കില്‍ അന്വേഷിക്കയുണ്ടായോ; ക്രമക്കേടുകള്‍ എന്തെങ്കിലും നടന്നിട്ടുണ്ടോ എന്ന് മനസ്സിലായിട്ടുണ്ടോ ; എങ്കില്‍ കുറ്റക്കാരായവരുടെ പേരില്‍ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഏറ്റവും ഒടുവിലത്തെ കണക്ക് പ്രകാരം കാലഹരണപ്പെട്ട ബുക്കുകള്‍ എത്രയുണ്ടായിരുന്നു; വില്പന നടന്നിട്ടുണ്ടെങ്കില്‍ എന്തു വിലയ്ക്ക് ; അതുവഴി നഷ്ടം ഉണ്ടായതായി കണ്ടെത്തിയിട്ടുണ്ടോ?

# കേരള നിയമസഭ
## 14.06.2012-ലെ മറുപടിക്ക്

<u>ഷെക്സ്റ്റ് ബുക്ക് ഡിപ്പോകള്‍</u>

969 ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി
,, റ്റി. എ. അഹമ്മദ് കബീര്‍
,, കെ. എന്‍. എ. ഖാദര്‍
,, എന്‍. ഷംസുദ്ദീന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) വിദ്യാഭ്യാസ വകുപ്പിന് കീഴിലെ ടെക്സ്റ്റ് ബുക്ക് ഡിപ്പോകള്‍ ഇപ്പോള്‍ പ്രവര്‍ത്തിക്കുന്നുണ്ടോ; എങ്കില്‍ എത്ര ഓഫീസുകള്‍ പ്രവര്‍ത്തിക്കുന്നുണ്ടെന്നും അവയില്‍ മൊത്തം എത്ര ജീവനക്കാരുണ്ടെന്നും വ്യക്തമാക്കുമോ;

(ബി) ഡിപ്പോകളിലൂടെ പുസ്തകവിതരണം നടക്കുന്നുണ്ടോ; ഇല്ലെങ്കില്‍ പുസ്തക വിതരണത്തിന് ഏര്‍പ്പെടുത്തിയിട്ടുള്ള പുതിയ സംവിധാനം എന്താണെന്ന് വിശദമാക്കുമോ;

(സി) ഡിപ്പോകള്‍വഴി പുസ്തകവിതരണം നടത്തുന്നില്ലെങ്കില്‍ എന്നുമുതലാണ് നിര്‍ത്തലാക്കിയതെന്ന് വ്യക്തമാക്കുമോ;

(ഡി) അവിടത്തെ ജീവനക്കാരെ റീഡിപ്ലോയ് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കില്‍ കാരണമെന്ത്;

(ഇ) പുസ്തകവിതരണം നിര്‍ത്തലാക്കിയശേഷം ഡിപ്പോകളിലെ ജീവനക്കാര്‍ക്കും ഉദ്യോഗസ്ഥര്‍ക്കും ശമ്പളം അലവന്‍സ്, ഓഫീസ് ചെലവുകള്‍ എന്നിവയുള്‍പ്പെടെ എന്ത് തുക ഇതേവരെ ചെലവഴിച്ചിട്ടുണ്ട്; വിശദമാക്കുമോ?

# കേരള നിയമസഭ
## 14.06.2012-ലെ മറുപടിക്ക്

സ്കൂളുകളിൽ യൂണിഫോം നൽകുന്നതിന് ചെലവഴിച്ച തുക

970 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂളുകളിലെ 6 മുതൽ 14 വയസ്സുവരെ പ്രായമുള്ള വിദ്യാർത്ഥികൾക്ക് യൂണിഫോം നൽകുന്നതിന് കഴിഞ്ഞ സാമ്പത്തിക വർഷത്തെ ഖജനാവിൽ നിന്ന് ചെലവാക്കിയ തുക എത്ര; പ്രസ്തുത ആവശ്യത്തിനായി എസ്.എസ്.എ ഫണ്ടിൽ നിന്നും ചെലവഴിച്ച തുക എത്രയെന്നും ഇതുവഴി എത്ര വിദ്യാർത്ഥികൾക്ക് യൂണിഫോം വിതരണം ചെയ്തു എന്നും വ്യക്തമാക്കാമോ ;

(ബി) നടപ്പുവർഷത്തിൽ എത്ര കോടി രൂപ വിവിധ സ്രോതസ്സുകളിൽ വക കൊള്ളിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 14.06.2012-ലെ മറുപടിക്ക്

<u>സ്കൂള്‍ കുട്ടികള്‍ക്ക് സൗജന്യ യൂണിഫോം</u>

971 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യത്തിന്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

സംസ്ഥാനത്തെ സ്കൂള്‍ കുട്ടികള്‍ക്ക് സൗജന്യമായി യൂണിഫോം നല്‍കുന്ന പദ്ധതിയുടെ വിശദാംശം നല്‍കാമോ ; ഇത് എപ്പോള്‍ മുതലാണ് നടപ്പിലാക്കാന്‍ ഉദ്ദേശിക്കുന്നത് ?

# കേരള നിയമസഭ
# 14.06.2012-ലെ മറുപടിക്ക്

<u>എയ്ഡഡ് സ്കൂളുകളിലെ ബി.പി.എൽ. വിഭാഗത്തിൽ വരുന്ന കുട്ടികൾക്ക് സൗജന്യ യൂണിഫോം നൽകാൻ നടപടി</u>

972 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് സ്കൂളിലെ കുട്ടികൾക്ക് സൗജന്യ യൂണിഫോം നൽകുന്നത് പോലെ എയ്ഡഡ് സ്കൂളിലെ ബി.പി.എൽ. വിഭാഗത്തിൽ വരുന്ന കുട്ടികൾക്ക് സൗജന്യമായി സ്കൂൾ യൂണിഫോം വിതരണം ചെയ്യുന്നതിന് ഏതെങ്കിലും തരത്തിലുള്ള തടസ്സമുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) എയ്ഡഡ് സ്കൂളുകളിലെ വിദ്യാർത്ഥികളെയും ഈ പദ്ധതിയിൽപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 14.06.2012-ലെ മറുപടിക്ക്

<u>എല്ലാ വിദ്യാർത്ഥികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ</u>

973 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ വിദ്യാർത്ഥികൾക്കും ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ എന്നുമുതലാണ് ഇത് ഏർപ്പെടുത്തിയത്; എത്ര രൂപയുടെ ആനുകൂല്യമാണ് ലഭിക്കുന്നത്; ഏതെല്ലാം രൂപത്തിലുള്ള പരിരക്ഷയാണ് ലഭിക്കുന്നത്;

(സി) ഏത് ഇൻഷ്വറൻസ് കമ്പനിയിലൂടെയാണ് ഈ പദ്ധതി നടപ്പാക്കുന്നത്; ഇതിനുള്ള പ്രീമിയമായി എത്ര രൂപയാണ് സർക്കാർ നൽകുന്നത്; എത്ര രൂപയാണ് ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്?

# കേരള നിയമസഭ
## 14.06.2012-ലെ മറുപടിക്ക്

<u>ഏകാധ്യാപക വിദ്യാലയങ്ങൾ</u>

974 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ഏകാധ്യാപകവിദ്യാലയങ്ങൾ (മൾട്ടിഗ്രേഡ് ലേണിംഗ് സെന്ററുകൾ) പ്രവർത്തിക്കുന്നുണ്ട് ; എത്ര കുട്ടികൾ ഈ വിദ്യാലയങ്ങളിൽ പഠിക്കുന്നുണ്ട് ;

(ബി) പുതിയ അധ്യയന വർഷം ആരംഭിക്കുമ്പോൾ എത്ര തുക വീതമാണ് കുട്ടികളുടെ പ്രവേശനം, അധ്യാപകരുടെ ശമ്പളം, മറ്റിനങ്ങളിലായി ഓരോ സെന്ററിനും നൽകിയിട്ടുള്ളത് ; വിശദാംശം അറിയിക്കുമോ ?

# കേരള നിയമസഭ
## 14.06.2012-ലെ മറുപടിക്ക്

<u>എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ നിയമനം</u>

975 ശ്രീ. കെ.എൻ.എ. ഖാദർ

താഴെ കാണുന്ന ചോദ്യത്തിന്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ നിയമനം പി.എസ്.സി.ക്കുവിടാൻ ഉദ്ദേശിക്കുന്നുണ്ടോ; ഈ വിഷയത്തിൽ സർക്കാരിന്റെ നയം വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 14.06.2012-ലെ മറുപടിക്ക്

<u>ഹോം സ്റ്റേഷൻ</u>

976 ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കണ്ടറി അദ്ധ്യാപകരുടെ സ്ഥലമാറ്റ കാര്യത്തിൽ ഹോം സ്റ്റേഷൻ വ്യവസ്ഥ നിലവിലുണ്ടോ;

(ബി) ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 14.06.2012-ലെ മറുപടിക്ക്

<u>പ്രീ- പ്രൈമറി അദ്ധ്യാപികമാര്‍ക്കും ആയമാര്‍ക്കും നല്‍കുന്ന ശമ്പളം</u>

977 ശ്രീ. വി. ശിവന്‍കുട്ടി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പു മന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ സര്‍ക്കാര്‍ പ്രീ- പ്രൈമറി അദ്ധ്യാപികമാര്‍ക്കും ആയമാര്‍ക്കും ഇപ്പോള്‍ നല്‍കുന്ന ശമ്പളത്തിന്റെ വിശദവിവരങ്ങള്‍ ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത ജീവനക്കാര്‍ക്ക് ശമ്പളസ്കെയില്‍ അനുസരിച്ചാണോ ഇപ്പോള്‍ ശമ്പളം നല്‍കി വരുന്നത്;

(സി) ഇല്ലെങ്കില്‍ പ്രസ്തുത ജീവനക്കാര്‍ക്ക് ശമ്പളസ്കെയില്‍ അനുവദിച്ച് നല്‍കാന്‍ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) ഇല്ലെങ്കില്‍ പ്രസ്തുത സമീപനം എന്തുകൊണ്ടാണെന്നും വിശദമാക്കുമോ ?

# കേരള നിയമസഭ
## 14.06.2012-ലെ മറുപടിക്ക്

<u>അദ്ധ്യാപക പാക്കേജിലൂടെ നിയമനാംഗീകാരം ലഭിച്ചവര്‍</u>

978 ശ്രീ. എം. ഉമ്മര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സര്‍ക്കാര്‍ നടപ്പാക്കിയ പുതിയ അദ്ധ്യാപക പാക്കേജിലൂടെ എത്ര അദ്ധ്യാപകര്‍ക്ക് നിയമനാംഗീകാരം ലഭിച്ചുവെന്ന് കാറ്റഗറി തിരിച്ച് വിശദമാക്കുമോ ;

(ബി) ഇവരില്‍ എത്രപേര്‍ 2006-2011 കാലയളവില്‍ നിയമനം ലഭിച്ചവരായുണ്ട് ;

(സി) ഇനിയും നിയമനാംഗീകാരം ലഭിക്കാത്ത അദ്ധ്യാപകരുണ്ടോ ;

(ഡി) എങ്കില്‍ ഇവര്‍ക്ക് അംഗീകാരം ലഭിക്കുന്നതിനുള്ള തടസ്സവാദങ്ങള്‍ വിശദമാക്കാമോ ?

# കേരള നിയമസഭ
# 14.06.2012-ലെ മറുപടിക്ക്

<u>വിദ്യാഭ്യാസ പാക്കേജിൽ ലീവ് വേക്കൻസിയിൽ ജോലി ചെയ്യുന്നവരെ ഉൾപ്പെടുത്തൽ</u>

979 ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ പാക്കേജിൽ ലീവ് വേക്കൻസിയിൽ ജോലി ചെയ്യുന്ന അധ്യാപകരെ ഉൾപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ലീവ് വേക്കൻസിയിൽ നിയമനാംഗീകാരം ലഭിച്ചവരെയും, ലഭിക്കാത്തവരെയും പരിഗണിക്കുമോ;

(സി) ഏതുവർഷംവരെ ജോലിയിൽ പ്രവേശിച്ചവരെയാണ് വിദ്യാഭ്യാസ പാക്കേജിൽ ഉൾപ്പെടുത്തുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 14.06.2012-ലെ മറുപടിക്ക്

<u>ഹയർ സെക്കണ്ടറി അദ്ധ്യാപക ഒഴിവുകൾ</u>

980 ശ്രീ. എ. എ. അസീസ്
,, കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഏതൊക്കെ വിഷയങ്ങളിൽ ഹയർ സെക്കണ്ടറി സ്ക്കൂളുകളിൽ എത്ര അദ്ധ്യാപക തസ്തികകളാണ് ഒഴിഞ്ഞു കിടക്കുന്നത്;

(ബി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 14.06.2012-ലെ മറുപടിക്ക്

<u>പാലക്കാട് ജില്ലയിലെ ഹൈസ്ക്കൂൾ അസിസ്റ്റന്റ് (മലയാളം) തസ്തികയിലെ ഒഴിവുകൾ</u>

981 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ ഹൈസ്ക്കൂൾ അസിസ്റ്റന്റ് (മലയാളം) തസ്തികയിൽ നിലവിലുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റിന്റെ കാലാവധി എന്നുവരെയാണുള്ളത്;

(ബി) പ്രസ്തുത തസ്തികയിൽ ജില്ലയിൽ നിലവിലുള്ള ഒഴിവുകൾ എത്രയാണ്;

(സി) പ്രസ്തുത ഒഴിവുകളുടെ വിവരം സ്കൂളിന്റെ പേരുവിവരം തിരിച്ച് വെളിപ്പെടുത്തുമോ;

(ഡി) പ്രസ്തുത ഒഴിവുകളെല്ലാംതന്നെ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലാത്തപക്ഷം അതിനുള്ള നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
# 14.06.2012-ലെ മറുപടിക്ക്

അദ്ധ്യാപക പാക്കേജ് പ്രകാരം സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരുടെ ഒഴിവുകൾ

982 ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അദ്ധ്യാപക പാക്കേജ് പ്രകാരം സർക്കാർ സ്ക്കൂളുകളിൽ സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരുടെ എത്ര ഒഴിവുകൾ ഓരോ ജില്ലയിലും ഉണ്ടാകുമെന്ന് കണക്കാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദവിവരം നല്കുമോ ;

(ബി) ഓരോ ജില്ലയിലും ഉണ്ടാകാവുന്ന ഒഴിവുകൾ പി.എസ്.സി.യെ അറിയിക്കാൻ കാലതാമസം വരുത്തുന്നതായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഓരോ ജില്ലയിലും താല്കാലികാടിസ്ഥാനത്തിൽ ജോലി നോക്കുന്ന സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരുടെ ജില്ലയും, കാറ്റഗറിയും തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(ഡി) ആറു മാസത്തിൽ അധികം കാലത്തേയ്ക്ക് നിലവിൽ വരുന്ന എല്ലാ ഒഴിവുകളും,താല്കാലികക്കാർ വഹിക്കുന്ന ഒഴിവുകളും പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 14.06.2012-ലെ മറുപടിക്ക്

<u>തൃശൂർ ജില്ലയിലെ അദ്ധ്യാപക തസ്തികകളിലെ ഒഴിവ്</u>

983 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൃശൂർ ജില്ലയിലെ സർക്കാർ സ്കൂളുകളിൽ എത്ര അദ്ധ്യാപക തസ്തികകളാണ് വിവിധ വിഷയങ്ങളിലായി ഒഴിഞ്ഞുകിടക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ ഒഴിവുകൾ നികത്തുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

# കേരള നിയമസഭ
## 14.06.2012-ലെ മറുപടിക്ക്

<u>പൂതക്കുളം നോർത്ത്, പൂതക്കുളം സൗത്ത് എൽ.പി. സ്കൂളുകളിൽ ഷിഫ്റ്റ് സമ്പ്രദായം</u>

984 ശ്രീ. ജി.എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിൽപ്പെട്ട പൂതക്കുളം നോർത്ത്, പൂതക്കുളം സൗത്ത് എൽ.പി. സ്കൂളുകളിൽ നിലവിലുണ്ടായിരുന്ന ഷിഫ്റ്റ് സമ്പ്രദായം ജനങ്ങളുടെ ആവശ്യത്തെത്തുടർന്ന് അവസാനിപ്പിച്ചിരുന്നുവോ;

(ബി) സ്കൂളിന്റെ നിലനിൽപിനും, കുട്ടികളുടെ പഠനസൗകര്യത്തിലേക്കുമായി ഷിഫ്റ്റ് സമ്പ്രദായം അവസാനിപ്പിച്ചുവെങ്കിലും അതിലേക്ക് ആവശ്യമായ അദ്ധ്യാപകരെ നിയമിച്ചിട്ടില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ അടിയന്തിരമായി പ്രസ്തുത സ്കൂളുകളിൽ അദ്ധ്യാപകരെ നിയമിച്ച് സ്കൂളിന്റെ സുഗമമായ പ്രവർത്തനം ഉറപ്പ് വരുത്തുവാൻ തയ്യാറാകുമോ; ഇതിൻമേൽ എന്തു നടപടിയാണ് സ്വീകരിക്കുന്നതെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 14.06.2012-ലെ മറുപടിക്ക്

എൽ.പി. വിഭാഗത്തിന്റെയും യു.പി. വിഭാഗത്തിന്റെയും പുനഃക്രമീകരണം

985 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എൽ.പി. വിഭാഗം 5-ാം ക്ലാസ്സ് വരേയും, യു.പി. വിഭാഗം 8-ാം ക്ലാസ് വരേയും എന്ന് ക്രമീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ, അതിന്റെ വിശദാംശം വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 14.06.2012-ലെ മറുപടിക്ക്

<u>തോട്ടപ്പള്ളി നാലുചിറ യു.പി.സ്കൂൾ ഹൈസ്കൂളായി ഉയർത്താൻ നടപടി</u>

986 ശ്രീ. ജി.സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ നിയോജകമണ്ഡലത്തിൽ സർക്കാർ ഹൈസ്കൂളുകൾ ഇല്ലാത്ത പഞ്ചായത്തുകൾ ഏതെല്ലാമെന്നറിയിക്കാമോ;

(ബി) തോട്ടപ്പള്ളി നാലുചിറ യു.പി.സ്കൂളിനെ ഹൈസ്കൂളായി ഉയർത്താൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 14.06.2012-ലെ മറുപടിക്ക്

<u>ഐ. ഐ.ടി</u>

987 ശ്രീ. ലൂഡി ലൂയിസ്
,, ഡൊമിനിക് പ്രസന്റേഷൻ
,, ബെന്നി ബെഹനാൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒരു ഐ.ഐ.ടി സ്ഥാപിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) ഇതു സംബന്ധിച്ച് കേന്ദ്ര സർക്കാരുമായി ചർച്ച നടത്തുകയുണ്ടായോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) എവിടെയാണ് ഐ.ഐ.ടി സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നത്; ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്;

(ഡി) നിലവിലുള്ള ഏതെങ്കിലും സ്ഥാപനത്തെ ഐ.ഐ.ടി യായി ഉയർത്തുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ ഏതു സ്ഥാപനത്തെ; വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 14.06.2012-ലെ മറുപടിക്ക്

<u>മലയാളം സർവ്വകലാശാല രൂപീകരണം</u>

988 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഉന്നതവിദ്യാഭ്യാസ രംഗത്ത് ഈ ഗവൺമെന്റിന്റെ കാലത്ത് നടപ്പിലാക്കിയ കാര്യങ്ങളും ഇനി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന കാര്യങ്ങളും വിശദമാക്കുമോ;

(ബി) മലയാളം സർവ്വകലാശാല രൂപീകരണം ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(സി) ഇംഗ്ലീഷ് & ഫോറിൻ ലാംഗേജ് സർവ്വകലാശാലയുടെ കേന്ദ്രം കേരളത്തിൽ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എവിടെ, എന്ന്, ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 14.06.2012-ലെ മറുപടിക്ക്

<u>ഇംഗ്ലീഷ് & ഫോറിൻ ലാംഗേജ് സർവ്വകലാശാല</u>

989 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇംഗ്ലീഷ് & ഫോറിൻ ലാംഗേജ് സർവ്വകലാശാല കേരളത്തിൽ കാംമ്പസ് ആരംഭിച്ചിട്ടുണ്ടോ ; ഇത് എപ്പോൾ പ്രവർത്തനമാരംഭിക്കുമെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത സർവ്വകലാശാലയുടെ ഘടന, അഡ്മിനിസ്ട്രേഷൻ, ഫാക്കൽറ്റി തുടങ്ങിയ കാര്യങ്ങൾ എപ്രകാരമായിരിക്കുമെന്നും സർവ്വകലാശാലയിന്മേൽ സർക്കാരിന് ലഭിക്കുന്ന നിയന്ത്രണാധികാരങ്ങൾ എന്തെല്ലാമാണെന്നും വിശദീകരിക്കാമോ ;

(സി) "ഇഫ്ലൂ" ഇതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ തുടങ്ങിയത് എപ്പോഴാണ് എന്നും ഏത് കാലഘട്ടത്തിൽ ഏത് മന്ത്രിസഭയുടെ കാലത്താണ് എന്നും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 14.06.2012-ലെ മറുപടിക്ക്

കാസര്‍ഗോഡ് ജില്ലയില്‍ കേന്ദ്ര യൂണിവേഴ്സിറ്റി

990

ശ്രീ. കെ. കുഞ്ഞിരാമന്‍ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കാസര്‍ഗോഡ് ജില്ലയിലെ പെരിയ വില്ലേജില്‍ കേന്ദ്ര യൂണിവേഴ്സിറ്റിക്ക് എത്ര ഏക്കര്‍ സ്ഥലമാണ് നല്‍കിയിട്ടുള്ളത്;

(ബി) പ്രസ്തുത സ്ഥലം യൂണിവേഴ്സിറ്റിക്ക് കൈമാറ്റം ചെയ്തിട്ടുണ്ടോ;

(സി) കൈമാറ്റം ചെയ്യപ്പെട്ട സ്ഥലത്ത് നിര്‍മ്മാണ പ്രവൃത്തികള്‍ ആരംഭിച്ചിട്ടുണ്ടോ; വിശദാംശങ്ങള്‍ അറിയിക്കാമോ ?

# കേരള നിയമസഭ
## 14.06.2012-ലെ മറുപടിക്ക്

<u>യൂണിവേഴ്സിറ്റീസ് വിത്ത് പൊട്ടൻഷ്യൽ ഫോർ എക്സലൻസ് സ്കീം</u>

991

ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ 'യൂണിവേഴ്സിറ്റീസ് വിത്ത് പൊട്ടൻഷ്യൽ ഫോർ എക്സലൻസ് സ്കീം' എന്താണെന്നും ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്നും വിശദീകരിക്കാമോ;

(ബി) 'സ്റ്റേറ്റ് അവാർഡ് ഫണ്ട് ഫോർ യൂണിവേഴ്സിറ്റീസ്' എന്ന പദ്ധതിയിൽ എന്തെല്ലാം പ്രവൃത്തികളാണ് നടപ്പിലാക്കുന്നത്; വിശദമാക്കാമോ ?

# കേരള നിയമസഭ
## 14.06.2012-ലെ മറുപടിക്ക്

<u>കാലക്കറ്റ് യൂണിവേഴ്സിറ്റി ഭരണകാര്യാലയത്തിന്റെ രൂപ രേഖ</u>

992 ശ്രീ. കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാലിക്കറ്റ് യൂണിവേഴ്സിറ്റി, ഭരണകാര്യാലയത്തിന്റെ രൂപരേഖ തയ്യാറാക്കാൻ ഏതെങ്കിലും സ്ഥാപനത്തെ കൺസൾട്ടന്റായി നിയമിച്ചിട്ടുണ്ടോ;

(ബി) കൺസൾട്ടൻസിയെ നിയമിക്കുന്നതിന് മുൻപായി സാങ്കേതികാനുമതി ലഭിച്ചിരുന്നുവോ;

(സി) പ്രസ്തുത സ്ഥാപനത്തിന് എന്തെല്ലാം ജോലികളാണ് ഓർഡർ നൽകിയിരുന്നത്; കൺസൾട്ടൻസിയെ കണ്ടെത്തുന്നതിന് ടെണ്ടർ വിളിച്ചിരുന്നോ; ഇല്ലെങ്കിൽ അതിനുള്ള കാരണമെന്തായിരുന്നു;

(ഡി) കൺസൾട്ടൻസി നിയമനം ക്രമവിരുദ്ധമായി നടത്തിയതിനുത്തരവാദികൾ ആരൊക്കെയാണെന്നറിയിക്കാമോ?

# കേരള നിയമസഭ
## 14.06.2012-ലെ മറുപടിക്ക്

<u>കാലിക്കറ്റ് യൂണിവേഴ്സിറ്റി വക 10 ഏക്കര്‍ സ്ഥലം സി.ഏച്ച് മെമ്മോറിയല്‍ ട്രസ്റ്റിന് നല്‍കാനുള്ള നീക്കം</u>

993 ശ്രീ. എസ്. രാജേന്ദ്രന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കാലിക്കറ്റ് യൂണിവേഴ്സിറ്റി വക 10 ഏക്കര്‍ സ്ഥലം നിയമവിരുദ്ധമായി സി.എച്ച് മെമ്മോറിയല്‍ ട്രസ്റ്റിന് നല്‍കാനുള്ള നീക്കം സംബന്ധിച്ച ആക്ഷേപം വിദ്യാഭ്യാസമന്ത്രി അന്വേഷിക്കുകയുണ്ടായോ;

(ബി) യൂണിവേഴ്സിറ്റി ഭൂമി നല്‍കുന്നതുമായി ബന്ധപ്പെട്ട് ശ്രദ്ധയില്‍പ്പെട്ട സംഗതികള്‍ എന്തെല്ലാമായിരുന്നു എന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
# 14.06.2012-ലെ മറുപടിക്ക്

<u>കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ ഭൂമിദാന നടപടികൾ</u>

994 ശ്രീ. കോടിയേരി ബാലകൃഷ്ണൻ
,, പി. ശ്രീരാമകൃഷ്ണൻ
,, റ്റി. വി. രാജേഷ്
ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ വിവാദമായ ഭൂമി ദാന നടപടികൾ സംബന്ധിച്ച് ജുഡീഷ്യൽ അന്വേഷണം നടത്തണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ തീരുമാനം എടുത്തിട്ടുണ്ടോ ; ഇല്ലെങ്കിൽ ജുഡീഷ്യൽ അന്വേഷണം നടത്താൻ തീരുമാനമെടുക്കുമോ ;

(ബി) പ്രസ്തുത ഭൂമിദാനത്തിൽ ഉൾപ്പെട്ടവരും, ആരോപണങ്ങൾക്ക് വിധേയരായവരുമായ എല്ലാപേരെയും തൽസ്ഥാനങ്ങളിൽ നിന്ന് മാറ്റി നിർത്തിക്കൊണ്ട് ജുഡീഷ്യൽ അന്വേഷണം നടത്തുമോ?

# കേരള നിയമസഭ
# 14.06.2012-ലെ മറുപടിക്ക്

<u>കേരള യൂണിവേഴ്സിറ്റിയിലെ അസിസ്റ്റന്റ് നിയമനം</u>

995 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
,, എൻ.എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള യൂണിവേഴ്സിറ്റിയിലെ അസിസ്റ്റന്റ് നിയമനത്തിൽ ഉണ്ടായ ക്രമക്കേടുകൾ സംബന്ധിച്ച നിയമനടപടികളുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വിശദമാക്കുമോ;

(ബി) ക്രമക്കേടിലൂടെ അനധികൃത നിയമനം നേടിയവരുടെ കാര്യത്തിൽ ലോകായുക്ത നൽകിയ തീർപ്പിന്റെ വിശദവിവരം നൽകാമോ;

(സി) അവരെ പിരിച്ചുവിടുന്നത് സംബന്ധിച്ച് കോടതിയുടെ സ്റ്റേ ഉത്തരവ് നിലവിലുണ്ടോ;

(ഡി) ഇല്ലെങ്കിൽ അവരെ പിരിച്ചുവിടാതിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കുമോ; അനർഹനിയമനം നേടിയവരെ പിരിച്ചുവിട്ട് നിയമാനുസൃത നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 14.06.2012-ലെ മറുപടിക്ക്

## കാലിക്കറ്റ് യൂണിവേഴ്സിറ്റി ലെയിസൺ ഓഫീസർ തസ്തികയിലെ നിയമനം

996 ശ്രീ. കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ശ്രീമതി അശ്വതി പത്മസേനനെന്ന യുവതിക്ക് കാലിക്കറ്റ് യൂണിവേഴ്സിറ്റി വൈസ് ചാൻസലർ, ഡൽഹിയിലെ ലെയിസൺ ആഫീസറായി ജോലി നൽകാൻ നിർദ്ദേശം നൽകിയിരുന്നുവോ; എങ്കിൽ യൂണിവേഴ്സിറ്റി ജോലി നല്കുകയാണ്ടായോ;

(ബി) എങ്കിൽ ശ്രീമതി അശ്വതി പത്മസേനനെ നിയമിച്ച തസ്തികയിലേക്ക് മുൻപ് അപേക്ഷ ക്ഷണിച്ചിട്ടുണ്ടായിരുന്നുവോ;

(സി) പ്രസ്തുത തസ്തികയിലേയ്ക്ക് നിയമനം ലഭിക്കുന്നതിനാവശ്യമായ കുറഞ്ഞ വിദ്യാഭ്യാസ യോഗ്യതയും, വേതനവും സംബന്ധിച്ച വ്യവസ്ഥകൾ എന്തൊക്കെയാണ്;

(ഡി) പ്രസ്തുത യുവതി നല്കിയ അപേക്ഷയിൽ വി. സി. നല്കിയ ഉത്തരവടക്കമുള്ള രേഖകളുടെ പകർപ്പ് ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 14.06.2012-ലെ മറുപടിക്ക്

<u>കല്‍പ്പറ്റ എല്‍.എം.എസ്.എം. കോളേജില്‍<br>പുതിയ കോഴ്സുകള്‍</u>

997

ശ്രീ. എം. വി. ശ്രേയാംസ് കുമാര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കല്‍പ്പറ്റ എല്‍.എം.എസ്.എം. കോളേജില്‍ ബിരുദ ബിരുദാനന്തര തലങ്ങളില്‍ ഏതെല്ലാം കോഴ്സുകളാണ് നിലവിലുള്ളത്;

(ബി) കഴിഞ്ഞ അഞ്ചു വര്‍ഷത്തിനുള്ളില്‍ പ്രസ്തുത കോളേജില്‍ ഏതെല്ലാം പുതിയ ബിരുദ ബിരുദാനന്തര കോഴ്സുകളാണ് അനുവദിച്ചിട്ടുള്ളത്;

(സി) പ്രസ്തുത കോളേജില്‍ പുതിയ കോഴ്സുകള്‍ ആരംഭിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നിവേദനം ലഭിച്ചിട്ടുണ്ടോ; എങ്കില്‍ വിശദമാക്കുമോ;

(ഡി) വിദ്യാഭ്യാസ മേഖലയില്‍ വയനാട് ജില്ലയുടെ പിന്നോക്കാവസ്ഥ കണക്കിലെടുത്ത് പുതിയ കോഴ്സുകള്‍ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 14.06.2012-ലെ മറുപടിക്ക്

<u>കാലിക്കറ്റ് യൂണിവേഴ്സിറ്റി അക്വയർ ചെയ്ത ഭൂമി</u>

998 ശ്രീ. വി.ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാലിക്കറ്റ് യൂണിവേഴ്സിറ്റി അക്വയർ ചെയ്ത മൊത്തം ഭൂമി എത്രയാണെന്നും, ഇപ്പോൾ എത്ര ഏക്കർ ഭൂമി സ്വന്തമായി ഉണ്ടെന്നും വെളിപ്പെടുത്താമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം യൂണിവേഴ്സിറ്റി വക ഭൂമി ഉപയോഗിക്കുവാൻ ഏതെല്ലാം സ്ഥാപനങ്ങളാണ് അപേക്ഷ സമർപ്പിച്ചത്; യൂണിവേഴ്സിറ്റി സിൻഡിക്കേറ്റ് ഏതെല്ലാം അപേക്ഷകളാണ് പരിഗണിച്ചത്;

(സി) സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്ക് വന്ന അപേക്ഷകരെ സംബന്ധിച്ച് യൂണിവേഴ്സിറ്റിയ്ക്ക് ലഭിച്ചിരുന്ന എല്ലാ രേഖകളുടെയും പകർപ്പ് സഭയുടെ മേശപ്പുറത്ത് വയ്ക്കാമോ?

# കേരള നിയമസഭ
## 14.06.2012-ലെ മറുപടിക്ക്

കാലിക്കറ്റ് സർവ്വകലാശാല വക ഭൂമിയിലെ സ്വകാര്യ പദ്ധതികൾ

999 ശ്രീ. ഇ. പി. ജയരാജൻ
,, എ. കെ. ബാലൻ
,, പി. റ്റി. എ. റഹീം
,, കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാലിക്കറ്റ് സർവ്വകലാശാല യൂണിവേഴ്സിറ്റി വക ഭൂമിയിൽ മൂന്ന് സ്വകാര്യ പദ്ധതികൾക്ക് സർവ്വകലാശാല നിർമ്മാണ പ്രവർത്തനാനുമതി നൽകിയിട്ടുണ്ടായിരുന്നുവോ; എങ്കിൽ അത് ഏതെല്ലാം സ്ഥാപനങ്ങളുടെ പദ്ധതികൾക്കായിരുന്നു എന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത സ്ഥാപനങ്ങളും യൂണിവേഴ്സിറ്റിയും തമ്മിലുള്ള ബന്ധം എന്തായിരുന്നു; എത്ര ഏക്കർ ഭൂമി വീതമാണ് അവർ ആവശ്യപ്പെട്ടത്; ഇക്കാര്യത്തിൽ യൂണിവേഴ്സിറ്റി സിൻഡിക്കേറ്റിന്റെ തീരുമാനം എന്തായിരുന്നു;

(സി) പ്രസ്തുത പദ്ധതികൾ എന്തൊക്കെയായിരുന്നു; അവ നടപ്പിലാക്കുന്നതിന് താൽപര്യമുള്ള സ്ഥാപനങ്ങളിൽ നിന്നും അപേക്ഷ ക്ഷണിച്ചിരുന്നത് എന്നായിരുന്നു; അപേക്ഷിക്കുന്നതിനുള്ള യോഗ്യതകൾ എന്തൊക്കെയായിരുന്നു; എത്ര അപേക്ഷകരിൽ നിന്നാണ് പ്രസ്തുത സ്ഥാപനങ്ങളെ കണ്ടെത്തിയത്?

# കേരള നിയമസഭ
# 14.06.2012-ലെ മറുപടിക്ക്

<u>കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ സ്ഥലം</u>

1000 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യത്തിന്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ അധീനതയിലുള്ള സ്ഥലം ഏതെങ്കിലും സംഘടനകൾക്കോ ട്രസ്റ്റുകൾക്കോ നൽകുന്നതിന് സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 14.06.2012-ലെ മറുപടിക്ക്

<u>കോഴിക്കോട് സർവ്വകലാശാലയിലെ ഭൂമി</u>

1001

ശ്രീ. എളമരം കരീം
,, എ. പ്രദീപ്കുമാർ
ഡോ. കെ. ടി. ജലീൽ
ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള സിൻഡിക്കേറ്റ് അധികാരമേറ്റെടുത്ത ശേഷം കോഴിക്കോട് സർവ്വകലാശാലയിൽ വിവിധ സംഘടനകൾക്കും സ്ഥാപനങ്ങൾക്കുമായി ഭൂമി ആവശ്യപ്പെട്ടുകൊണ്ട് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; ഓരോ അപേക്ഷയിലും ആവശ്യപ്പെട്ടിട്ടുള്ള ഭൂമിയുടെ അളവ് എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത അപേക്ഷകൾ സമർപ്പിച്ചിട്ടുള്ളവരുടെ പേരു വിവരം ലഭ്യമാക്കാമോ;

(സി) പ്രസ്തുത അപേക്ഷകളിൽ വ്യത്യസ്ത ഘട്ടങ്ങളിലായി സർവ്വകലാശാല സിൻഡിക്കേറ്റ് എടുത്തിട്ടുള്ള തീരുമാനങ്ങൾ വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 14.06.2012-ലെ മറുപടിക്ക്

<u>കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ സി.എച്ച് ചെയററിനായുള്ള അപേക്ഷ</u>

1002 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ സി. എച്ച്. ചെയററിനായി ഭൂമി ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷ യൂണിവേഴ്സിറ്റിക്ക് ലഭിച്ചിട്ടുണ്ടോ ; എങ്കിൽ എത്ര ഭൂമി ആവശ്യപ്പെട്ടിട്ടുണ്ട് ; അപേക്ഷയുടെ പകർപ്പ് ലഭ്യമാക്കാമോ ;

(ബി) പ്രസ്തുത അപേക്ഷ 2011 ഡിസംബർ 8ന് ചേർന്ന സിൻഡിക്കേറ്റ് യോഗം പരിഗണിച്ചിട്ടുണ്ടോ ; എങ്കിൽ തീരുമാനം എന്തായിരുന്നു. പ്രസ്തുത യോഗത്തിന്റെ മിനിട്സിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

(സി) ഗ്രേസ് അസോസിയേഷൻ എന്ന സംഘടന ഭൂമിക്കായി അപേക്ഷ നൽകിയിട്ടുണ്ടോ ; എങ്കിൽ പകർപ്പ് ലഭ്യമാക്കാമോ ;

(ഡി) സി. എച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യുക്കേഷൻ ആൻഡ് റിസർച്ച് ഫോർ ഡെവലപ്പിംഗ് സൊസൈറ്റി എന്നപേരിൽ ഭൂമിക്കായി അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ ; എങ്കിൽ പകർപ്പ് ലഭ്യമാക്കാമോ ;

(ഇ) പ്രസ്തുത സംഘടന ഇതു സംബന്ധിച്ച മാസ്റ്റർ പ്ലാൻ സമർപ്പിച്ചിട്ടുണ്ടോ ; എങ്കിൽ അവയുടെ പകർപ്പ് ലഭ്യമാക്കാമോ ?

# കേരള നിയമസഭ
## 14.06.2012-ലെ മറുപടിക്ക്

<u>ഭൂമി ആവശ്യപ്പെട്ട് ലഭിച്ച അപേക്ഷകൾ</u>

1003 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാലിക്കറ്റ് യൂണിവേഴ്സിറ്റി, അതിന്റെ ഭൂമി ഏതെങ്കിലും ട്രസ്റ്റുകൾക്കോ വ്യക്തികൾക്കോ സ്ഥാപനങ്ങൾക്കോ ഏതെങ്കിലും വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ നൽകുവാൻ തീരുമാനം എടുത്തിട്ടുണ്ടായിരുന്നുവോ;

(ബി) എങ്കിൽ ഏതെല്ലാം കാര്യങ്ങൾക്ക് എത്ര ഏക്കർ വീതം ഭൂമി ആവശ്യപ്പെട്ടുകൊണ്ടാണ് യൂണിവേഴ്സിറ്റിക്ക് അപേക്ഷ ലഭിച്ചതെന്നും, എത്ര ഏക്കർ ഭൂമി വീതം ഏതെല്ലാം ആവശ്യങ്ങൾക്ക് നല്കുവാനായിരുന്നു തീരുമാനിച്ചിട്ടുണ്ടായിരുന്നതെന്നും, വ്യക്തമാക്കാമോ; അപേക്ഷകളുടെ പകർപ്പ് ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 14.06.2012-ലെ മറുപടിക്ക്

<u>കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ അധീനതയിലുള്ള സ്ഥലം ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷ</u>

1004 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ അധീനതയിലുള്ള സ്ഥലം ആവശ്യപ്പെട്ടുകൊണ്ട് ഏതെങ്കിലും സംഘടനകളോ ട്രസ്റ്റുകളോ അപേക്ഷ നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ അപേക്ഷകളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) അപേക്ഷകർക്ക് സ്ഥലം അനുവദിക്കുന്നതിന് സിൻഡിക്കേറ്റ് തീരുമാനം എടുത്തിരുന്നുവോ;

(ഡി) സ്ഥലം അനുവദിക്കുന്നതിനുമുമ്പ് അപേക്ഷകരുടെ പ്രവർത്തനങ്ങളെ സംബന്ധിച്ച് പരിശോധന നടത്തിയിരുന്നുവോ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 14.06.2012-ലെ മറുപടിക്ക്

**യൂണിവേഴ്സിറ്റികളുടെ ഭൂമി പാട്ടത്തിന് നല്കുന്നതിലെ വ്യവസ്ഥകൾ**

1005 ശ്രീ. പി. കെ. ബഷീർ
'' വി. എം. ഉമ്മർ മാസ്റ്റർ
'' കെ. മുഹമ്മദുണ്ണി ഹാജി
'' സി. മമ്മൂട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) യൂണിവേഴ്സിറ്റികളുടെ ഭൂമി സ്വാകര്യ ട്രസ്റ്റുകൾക്ക് പാട്ടത്തിന് നല്കാറുണ്ടോ ;

(ബി) യൂണിവേഴ്സിറ്റിയുടെയോ, സർക്കാർ കോളേജിന്റെയോ ഭൂമി പഠനഗവേഷണ പ്രവർത്തനങ്ങൾക്കുവേണ്ടി ട്രസ്റ്റിന്റെ പേരിൽ പതിച്ചു നല്കുകയുണ്ടായിട്ടുണ്ടോ ; എങ്കിൽ അത് സംബന്ധിച്ച് ട്രസ്റ്റുകളുടെ പേരുവിവരങ്ങൾ വെളിപ്പെടുത്തുമോ ;

(സി) പതിച്ചു നൽകുന്നതിന് പ്രത്യേകം വ്യവസ്ഥയുണ്ടോ ; എങ്കിൽ അവ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ഡി) അത്തരത്തിൽ ട്രസ്റ്റിന് പതിച്ചു നല്കിയ ഭൂമിയുടെ ഉടമസ്ഥാവകാശം കൈമാറിയിട്ടുണ്ടോ ; എങ്കിൽ അത് വ്യവസ്ഥാ ലംഘനത്തിൽ പെടുമോ ;

(ഇ) ഇത്തരത്തിൽ നല്കിയ ഭൂമി വാണിജ്യാവശ്യത്തിന് ഉപയോഗിച്ചാൽ വ്യവസ്ഥാ ലംഘനമായി കണക്കാക്കുമോ ; എങ്കിൽ വ്യവസ്ഥാ ലംഘനത്തിനുള്ള നടപടി എന്താണെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 14.06.2012-ലെ മറുപടിക്ക്

<u>യൂണിവേഴ്സിറ്റികളുടെ ഭൂമി പതിച്ചു നല്കൽ</u>

1006 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) യൂണിവേഴ്സിറ്റികളുടെ ഭൂമികൾ സംഘടനകൾക്കും സ്ഥാപന ങ്ങൾക്കും നൽകുന്നതിനുള്ള അധികാരം ആർക്കാണ്;

(ബി) ഇവ ലംഘിച്ച് ആർക്കെങ്കിലും ഭൂമി പതിച്ച് നൽകിയ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ കേരളത്തിലെ ഓരോ സർവ്വകലാശാലയും രൂപം കൊണ്ടതിന് ശേഷം അവയുടെ ഭൂമി ഏതെല്ലാം സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവയ്ക്ക് പതിച്ചു നൽകിയിട്ടുണ്ടെന്നും, അവയുടെ ഭൂമി കൈയ്യേറിയിട്ടുണ്ടോ എന്ന് അറിയുന്നതിനും വിശദമായ പരിശോധന നടത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) ഭൂമി പതിച്ചുകിട്ടിയവർ ഉദ്ദേശ്യലക്ഷ്യങ്ങൾക്കെതിരായി പ്രവർത്തിക്കുകയോ, വാണിജ്യ ആവശ്യങ്ങൾക്കായി ഉപയോഗി ക്കുകയോ ചെയ്യുന്നതായി തെളിഞ്ഞാൽ ഭൂമി തിരിച്ചെടുക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 14.06.2012-ലെ മറുപടിക്ക്

<u>വിദ്യാഭ്യാസ വായ്പ തിരിച്ചടവ്</u>

1007

ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2009 ഏപ്രിൽ മാസത്തിനു മുൻപ് വിദ്യാഭ്യാസ വായ്പ എടുത്തവരുടെ പലിശ ഒഴിവാക്കിക്കൊടുക്കുന്നതിനായി സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ എടുത്ത വായ്പ തിരിച്ചടയ്ക്കാൻ കഴിയാതെ വന്നിട്ടുള്ളവർക്കെതിരെയുള്ള ജപ്തി നടപടികൾ നിർത്തിവയ്ക്കുന്നതിന് ബാങ്കുകൾക്ക് നിർദ്ദേശം നൽകുമോ ?

# കേരള നിയമസഭ
## 14.06.2012-ലെ മറുപടിക്ക്

<u>പ്രതിപക്ഷനേതാവിനെതിരായ അന്വേഷണം - നിയമസഭാ സമിതി റിപ്പോർട്ട്</u>

1008 ശ്രീ. വി. പി. സജീന്ദ്രൻ
,, സണ്ണി ജോസഫ്
,, വി. ഡി. സതീശൻ
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രതിപക്ഷനേതാവിനെതിരായി ഉന്നയിച്ച ആരോപണങ്ങളെക്കുറിച്ച് അന്വേഷിക്കുന്നതിനായി രൂപീകരിച്ച പ്രത്യേക നിയമസഭാ സമിതിയുടെ റിപ്പോർട്ട് ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ;

(ബി) സമിതിയുടെ പ്രധാന നിഗമനങ്ങൾ എന്തെല്ലാമാണ്;

(സി) സമിതിയുടെ നിഗമനങ്ങളിൻമേൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്;

(ഡി) ഇതിൻമേൽ വിശദമായ ഒരു അന്വേഷണം നടത്തുമോ; വിശദാംശം നൽകുമോ?

# കേരള നിയമസഭ

## 14.06.2012-ലെ മറുപടിക്ക്

തിരുവമ്പാടിയിൽ ഐ.എച്ച്.ആർ.ഡി. കോളേജ്

1009 ശ്രീ. മോയിൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി നിയോജകമണ്ഡലത്തിലെ കാരശ്ശേരി ഐ.എച്ച്.ആർ.ഡി. കോളേജിന് സ്വന്തമായി കെട്ടിടമില്ലാത്തത് മൂലം ബുദ്ധിമുട്ടനുഭവിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് തികച്ചും സൗജന്യമായി ഒരേക്കർ മുപ്പത് സെന്റ് സ്ഥലം ഐ.എച്ച്. ആർ.ഡി. ഡയറക്ടറുടെ പേരിൽ രജിസ്റ്റർ ചെയ്ത് നൽകിയത് കണക്കിലെടുത്ത് ആ സ്ഥലത്ത് കെട്ടിടം നിർമ്മിക്കാൻ അനുമതി നൽകുമോ ;

(സി) കെട്ടിട നിർമ്മാണത്തിനാവശ്യമായ ഫണ്ട് ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 14.06.2012-ലെ മറുപടിക്ക്

<u>സ്വാശ്രയ മെഡിക്കൽ-എഞ്ചിനീയറിംഗ് കോളേജുകളിലെ അഡ്മിഷൻ</u>

1010 ശ്രീ. കെ.വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വാശ്രയ മെഡിക്കൽ-എഞ്ചിനീയറിംഗ് മാനേജ്മെന്റുകളുമായി ഈ വർഷത്തെ അഡ്മിഷൻ സംബന്ധിച്ച് എന്തെങ്കിലും കരാർ ഉണ്ടാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകുമോ;

(ബി) സർക്കാർ മെഡിക്കൽ-എഞ്ചിനീയറിംഗ് കോളേജുകളിലെ ഫീസ് വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;
ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(സി) സ്വാശ്രയ മെഡിക്കൽ-എഞ്ചിനീയറിംഗ് കോളേജുകളിലെ സീറ്റു കൾ 50:50 എന്ന അനുപാതത്തിൽ നിന്ന് സർക്കാർ പിന്നോട്ട് പോകുവാൻ ഉദ്ദേശിയ്ക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(ഡി) പ്രിവിലേജ് സീറ്റുകൾ അനുവദിക്കുന്ന കാര്യത്തിലെ നിലപാട് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 14.06.2012-ലെ മറുപടിക്ക്

<u>സ്വകാര്യ പ്രൊഫഷണൽ സ്ഥാപനങ്ങളുടെ ഗുണനിലവാരം</u>

1011 ശ്രീ. എം. എ ബേബി
,, എം. ഹംസ
,, ആർ. രാജേഷ്
,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രൊഫഷണൽ വിദ്യാഭ്യാസ രംഗത്ത് സ്വകാര്യമേഖലയിൽ കഴിഞ്ഞ ഒരു ദശകത്തിനിടയിൽ ആരംഭിച്ച സ്ഥാപനങ്ങളുടെ ഗുണനിലവാരം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഗുണനിലവാരം ഉറപ്പാക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(സി) പ്രൊഫഷണൽ വിദ്യാഭ്യാസരംഗത്ത് നിന്നും സർക്കാർ മേഖല പിന്നോട്ടുപോയിക്കൊണ്ടിരിക്കുന്നത് എന്തുകൊണ്ടാണ്; ഇരുമേഖലകളിലും കഴിഞ്ഞ ഒരു ദശകത്തിനിടയിൽ സ്ഥാപിക്കപ്പെട്ട പ്രൊഫഷണൽ സ്ഥാപനങ്ങളുടെ എണ്ണം ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 14.06.2012-ലെ മറുപടിക്ക്

<u>പുതിയ പ്രൊഫഷണൽ കോളേജുകൾക്കുള്ള അംഗീകാരം</u>

1012 ശ്രീ. എ. എ. അസീസ്
,, കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം സ്വകാര്യ മേഖലയിൽ എത്ര പ്രൊഫഷണൽ കോളേജുകൾക്കാണ് അംഗീകാരം നൽകിയതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(ബി) ഇതിലൂടെ ഏതൊക്കെ കോഴ്സുകൾക്ക് എത്ര വീതം സീറ്റുകൾ സർക്കാർ ക്വാട്ടയിലും, മാനേജ്മെന്റ് ക്വാട്ടയിലും ഉണ്ടായിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ

# 14.06.2012-ലെ മറുപടിക്ക്

## സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ സീറ്റുകൾ

1013

ശ്രീ. എം. എ. ബേബി
,, കെ. കെ. ജയചന്ദ്രൻ
,, എ. പ്രദീപ്കുമാർ
,, പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ വിദ്യാഭ്യാസ വർഷത്തെ അഡ്മിഷൻ സംബന്ധിച്ച് സ്വാശ്രയ മെഡിക്കൽ കോളേജുകളുമായി കരാർ ഉണ്ടാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ ആരെല്ലാമാണ് കരാറിൽ ഒപ്പുവച്ചിട്ടുള്ളത്; ഒപ്പു വച്ചവർക്ക് എത്ര കോളേജുകൾ ഉണ്ട്; ഇനിയും കരാറിൽ ഒപ്പുവയ്ക്കാത്തവർ ആരൊക്കെയാണ്; അവർക്ക് എത്ര കോളേജുകൾ ഉണ്ട്;

(സി) കരാറിലെ പ്രധാന വ്യവസ്ഥകൾ എന്തെല്ലാമാണ്; എല്ലാ സ്വാശ്രയ കോളേജുകളിലുമായി ഏതെല്ലാം കോഴ്സുകൾക്ക് എത്ര സീറ്റുകൾ വീതം ഉണ്ട്; ഈ വർഷം എഗ്രിമെന്റ് പ്രകാരം ലഭിക്കുന്ന സർക്കാർ സീറ്റുകൾ എത്ര; ഇത് മൊത്തം സീറ്റുകളുടെ എത്ര ശതമാനം വരും;

(ഡി) കഴിഞ്ഞ വർഷത്തേതിൽ നിന്ന് എത്ര സർക്കാർ സീറ്റുകൾ വീതം വർദ്ധിപ്പിച്ചിട്ടുണ്ട്;

(ഇ) ഫീസ് ഉൾപ്പെടെ ഏതെല്ലാം ഇനത്തിൽ എത്ര കണ്ട് വർദ്ധനവാണ് ഈ വർഷം വരുത്തിയിട്ടുള്ളത് എന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
## 14.06.2012-ലെ മറുപടിക്ക്

<u>സ്വാശ്രയ മാനേജ്മെന്റുകളുമായി സർക്കാർ നടത്തിയ ചർച്ച</u>

1014 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വാശ്രയ മാനേജ്മെന്റുകളുമായി സർക്കാർ നടത്തിയ ചർച്ചയിൽ എന്തൊക്കെ തീരുമാനങ്ങൾ ആണ് ഉരുത്തിരിഞ്ഞത് എന്ന് വ്യക്തമാക്കാമോ ;

(ബി) മാനേജ്മെന്റ് അസോസിയേഷൻ പ്രതിനിധികൾ നടത്തുന്ന എൻട്രൻസ് പരീക്ഷകൾക്ക് അനുമതി നല്കിയിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ ഇവർക്കെതിരെ നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 14.06.2012-ലെ മറുപടിക്ക്

നന്നംമുക്കിൽ സർക്കാർ പോളിടെക്നിക്ക്

1015 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊന്നാനി മണ്ഡലത്തിൽ നന്നംമുക്കിൽ അനുവദിച്ച സർക്കാർ പോളിടെക്നിക് പ്രവർത്തനം ആരംഭിക്കാത്തത് എന്തുകൊണ്ടാണ് എന്ന് വിശദമാക്കാമോ ;

(ബി) ഇതിനായി 2009-2010 വർഷത്തെ ബഡ്ജറ്റിൽ 2 കോടി രൂപ വകയിരുത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

(ഡി) പോളിടെക്നിക് തുടങ്ങാൻ സ്പെഷ്യൽ ഓഫീസറെ നിയമിച്ചിട്ടുണ്ടോ ;

(ഇ) ഇല്ലെങ്കിൽ എന്നു നിയമിക്കാനാകും ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 14.06.2012-ലെ മറുപടിക്ക്

<u>കോതമംഗലം ഗവൺമെന്റ് പോളിടെക്നിക്ക് കോളേജിന്റെ ശോച്യാവസ്ഥ</u>

1016 ശ്രീ. റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 1983-ൽ പ്രവർത്തനം ആരംഭിച്ച കോതമംഗലം ഗവൺമെന്റ് പോളിടെക്നിക്ക് കോളേജിന്റെ ശോച്യാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത്;

(ബി) കേന്ദ്ര മാനവ വിഭവശേഷി വകുപ്പ് നൽകുന്ന ആധുനിക ഉപകരണങ്ങൾപോലും ഇവിടെ സ്ഥാപിക്കാൻ കഴിയാതെ വരുന്നതുമൂലം പാവപ്പെട്ട വിദ്യാർത്ഥികൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുവാൻ എന്ത് നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) സെമിനാർ ഹാളും, ക്ലാസ് ലാബും അടിയന്തിരമായി നിർമ്മിച്ചുനൽകുന്നതിന് എന്ത് നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 14.06.2012-ലെ മറുപടിക്ക്

<u>സ്വകാര്യ പ്രൊഫഷണൽ കോളേജുകളിലെ ഫീസ് നിരക്ക്</u>

1017 ശ്രീ. എ. എ. അസീസ്
,, കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്വകാര്യ മേഖലയിലെ മെഡിക്കൽ, എഞ്ചിനീയറിംഗ്, ഡെന്റൽ കോളേജുകളിൽ സർക്കാർ, മാനേജ്മെന്റ് ക്വാട്ടകളിലെ സീറ്റുകളിൽ ഓരോ വർഷവും നൽകേണ്ട ഫീസ് 2010, 2011 വർഷങ്ങളിൽ എത്ര രൂപയായിരുന്നു എന്ന് വിശദമാക്കുമോ;

(ബി) ഈ വർഷം ഈ സീറ്റുകളിൽ എത്ര രൂപയാണ് ഫീസായി നിശ്ചയിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 14.06.2012-ലെ മറുപടിക്ക്

സർക്കാർ- സ്വാശ്രയ മാനേജ്മെന്റ് കരാർ

1018 ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ വർഷത്തെ എൻജിനീയറിംഗ് പ്രവേശനവുമായി ബന്ധപ്പെട്ട് സ്വാശ്രയ മാനേജ്മെന്റുകളുമായി സർക്കാർ കരാർ ഒപ്പിട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത കരാറുകളുടെ പകർപ്പ് ലഭ്യമാക്കുമോ ; ഫീസ്, മെരിറ്റ് സീറ്റ് തുടങ്ങിയവ സംബന്ധിച്ച കരാറിലെ വ്യവസ്ഥകൾ വിശദമാക്കാമോ ?

# കേരള നിയമസഭ
# 14.06.2012-ലെ മറുപടിക്ക്

<u>ചേലക്കര ഗവൺമെന്റ് പോളിടെക്നിക്ക് കോളേജിൽ പുതിയ കോഴ്സുകൾ</u>

1019

ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചേലക്കര നിയോജക മണ്ഡലത്തിലെ ചേലക്കര ഗവൺമെന്റ് പോളിടെക്നിക്ക് കോളേജിൽ പുതിയ കോഴ്സുകൾ തുടങ്ങുന്നതിന് 2010 - ൽ എ.ഐ.സി.റ്റി.ഇ. അനുവാദം നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ;

(ബി) എ.ഐ.സി.റ്റി.ഇ. അംഗീകാരം നൽകിയിട്ടും പ്രസ്തുത കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള തടസ്സങ്ങൾ എന്താണെന്ന് പറയാമോ;

(സി) കെട്ടിടങ്ങൾ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ നിലവിലുള്ള പ്രസ്തുത കോളേജിൽ എ.ഐ.സി.റ്റി.ഇ. അംഗീകാരം നൽകിയ കോഴ്സുകൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 14.06.2012-ലെ മറുപടിക്ക്

<u>മോഡൽ II വൊക്കേഷണൽ കോഴ്സുകൾ</u>

1020 ഡോ. എൻ. ജയരാജ്
ശ്രീ. പി. സി. ജോർജ്
,, റോഷി അഗസ്റ്റിൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മോഡൽ II വൊക്കേഷണൽ കോഴ്സുകൾ ഏതുവർഷം മുതലാണ് കോളേജുകളിൽ ആരംഭിച്ചത് ;

(ബി) ഈ കോഴ്സുകൾക്ക് അനുയോജ്യമായ അദ്ധ്യാപകരെ പ്രസ്തുത കോളേജുകളിൽ നിയമിച്ചിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

(സി) പ്രസ്തുത കോഴ്സുകൾ നിലവിൽ വന്നതിനുശേഷം പുതുതായി എത്ര അദ്ധ്യാപക - അനദ്ധ്യാപക തസ്തികകളാണ് സൃഷ്ടിച്ചിട്ടുള്ളത് ;

(ഡി) മോഡൽ II വൊക്കേഷണൽ കോഴ്സുകൾ ആരംഭിച്ചിട്ടുള്ള കോളേജുകളിൽ പ്രസ്തുത കോഴ്സുകൾക്ക് ആനുപാതികമായി അനദ്ധ്യാപകരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ ?